
പ്രതീക്ഷയുടെ
പൂമൊട്ടുകൾ
Pratheekshayude Poomottukal
വാല്യം 43 ലക്കം 4
വാർഷിക വരിസംഖ്യ ₹ 100
Vol 43 No. 4
Annual Subscription ₹100
പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
ജൂൺ 2025

## വിശുദ്ധിയുടെ മാതൃകയായ
## മറിയത്തിന്റെ വിമലഹൃദയമേ

## വിശുദ്ധരാകാമെന്ന പ്രത്യാശ
## ഞങ്ങൾക്ക് നല്കണമേ



റൂഹാദ്ക്കുദ്ശായുടെ ആവാസത്താൽ
പൂരിതമായ പന്തക്കുസ്തായിൽ
ശ്ലീഹന്മാരുടെ കൂടെയായിരുന്ന
പരിശുദ്ധ അമ്മേ,
സഭയുടെ സന്താനങ്ങളായ സകലരും
റൂഹാദ്ക്കുദ്ശായുടെ ദിവ്യവരങ്ങളാൽ
അലങ്കരിക്കപ്പെടുവാനും ദൈവികജ്ഞാനത്താൽ
നിറയപ്പെടാനുമായി മാധ്യസ്ഥ്യം വഹിക്കണമേ.
ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 43 No. 4**

**വാല്യം 43 ലക്കം 4 ശ്ലീഹാക്കാലം ജൂൺ 2025**


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**



കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാണ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- പന്തക്കുസ്തായും സുവിശേഷപ്രഘോഷണവും 5
- പരിശുദ്ധാത്മാവ്: സഭയുടെ ചാലകശക്തിയും പ്രചോദനവും മാർഗദർശിയും 8
- ആത്മാവാൽ നിറയാം 14
- മിശിഹായുടെ പെസഹാരഹസ്യങ്ങൾ വിശ്വാസപ്രമാണത്തിൽ 16
- ദാഹാർത്തരേ വരുവിൻ 19
- തൊട്ടാവാടി 21
- പന്തക്കുസ്താ: വാക്കുപാലിക്കലിന്റെ ഓർമ്മത്തിരുനാൾ 23
- സെനക്കിൾ തരംഗം 26
- ഉസിയാ 27
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# പരിശുദ്ധാത്മാവിലൂടെ പരിപൂർണതയിലേക്ക്

ഒത്തിരിയേറെ മനുഷ്യരെ മരണത്തിലേക്കു നയിച്ച വലിയ അപകടങ്ങളുടെയും യുദ്ധങ്ങളുടെയും ഭീകരപ്രവർത്തനങ്ങളുടെയും വാർത്തകളാണ് അടുത്ത നാളുകളിൽ നമ്മെ തേടിയെത്തുന്നത്. പ്രത്യക്ഷത്തിൽ ഇല്ലാതാകുന്ന മനുഷ്യജീവിതങ്ങളും അവരുടെ പ്രിയപ്പെട്ടവർക്കുണ്ടാകുന്ന വേദനകളും നഷ്ടങ്ങളും കഷ്ടതകളും എല്ലാവരിലും നൊമ്പരമുണർത്തുന്നുണ്ട്. മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം അവരുടെ പ്രിയപ്പെട്ടവരെ തിരുസന്നിധിയിൽ ഓർമ്മിക്കുകയും ചെയ്യാം.

നിത്യജീവനെക്കുറിച്ചുള്ള പ്രത്യാശയാണ് നമ്മുടെയും മറ്റുള്ളവരുടെയും മരണങ്ങളെ നേരിടാൻ നമ്മെ പ്രാപ്തരാക്കുന്നത്. അതിനു യോഗ്യമാംവിധമാണ് ഈലോക ജീവിതം നാം ക്രമീകരിക്കേണ്ടത്. അതിനു നമ്മെ സഹായിക്കുന്നത് 'സഹായകനായ' പരിശുദ്ധാത്മാവാണ്. ഒരാളുടെ വേർപാടു സൃഷ്ടിക്കുന്ന നഷ്ടങ്ങളെക്കുറിച്ചു ബോധ്യമുള്ളവരായ നാം പലപ്പോഴും ആത്മീയമരണത്തിനു വിധേയരാകുന്നവരെപ്പറ്റി വേവലാതിപ്പെടാറില്ല. എന്നാൽ ദൈവപുത്രന്റെ ജീവൻ വിലയായി കൊടുത്തു വീണ്ടെടുത്ത മനുഷ്യമക്കൾ ആത്മീയമരണത്തിലേക്കുള്ള പാതയിൽ ചരിക്കുന്നത് എത്രയോ ഭയാനകമാണ്! നിത്യനാശത്തിലേക്കു കൂപ്പുകുത്തുവാൻ തക്കവിധം ജീവിക്കുന്നവരെ ആത്മാവിലുള്ള ജീവിതത്തിലേക്കു നയിക്കുവാനുള്ള കടമ നമുക്കുണ്ട്.

ഇതു ശ്ലീഹാക്കാലം... പരിശുദ്ധാരൂപിയിലുള്ള ജീവിതത്തിൽ ആഴപ്പെടുവാൻ വചനവിചിന്തനങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയുമൊക്കെ സഭാമാതാവ് തന്റെ മക്കളെ ഉദ്ബോധിപ്പിക്കുന്ന കാലഘട്ടം.... ആത്മാവിന്റെ ദാനഫലങ്ങൾ നിറഞ്ഞ ജീവിതങ്ങൾ മറ്റുള്ളവരെയും നന്മയിലേക്കു നയിക്കും; സ്നേഹവും ആനന്ദവും സമാധാനവും ക്ഷമയുമൊക്കെ കളിയാടുന്ന ലോകജീവിതത്തിലേക്കും അവസാനം നിത്യജീവന്റെ പാതയിലേക്കും നയിക്കും. പരിശുദ്ധാത്മാവിനാൽ പൂരിതരായി പവിത്രമായ പാതയിൽ ചരിച്ച് നമുക്കു പരിപൂർണരാകാം.

ചീഫ് എഡിറ്റർ

സെനക്കിൾ ആദ്ധ്യാത്മികത-101

# പന്തക്കുസ്തായും സുവിശേഷപ്രഘോഷണവും



റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

യഹൂദരുടെ തിരുനാളുകളിലൊന്നായ പന്തക്കുസ്താദിനത്തിലാണ് പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെയും ശിഷ്യരുടെയുംമേൽ ഇറങ്ങിവന്നതും അതേത്തുടർന്ന്, മറ്റു പതിനൊന്നുപേരോടുമൊപ്പം പത്രോസ് എഴുന്നേറ്റു നിന്ന് യഹൂദരോടും ജറുസലേമിൽ വസിക്കുന്നവരോടും സുവിശേഷപ്രഘോഷണം നടത്തിയതും (ശ്ലീഹാ 3,14). യഹൂദ തിരുനാളുകളിൽ ക്രൈസ്തവർ സ്വീകരിച്ച രണ്ടു തിരുനാളുകളാണ് പെസഹായും പന്തക്കുസ്തായും. പെസഹായുടെ അവസരത്തിലാണ് ഈശോ കുർബാന സ്ഥാപിച്ചതും കുരിശിൽ തന്റെ രക്ഷാകരബലി അർപ്പിച്ചതും. അതുപോലെതന്നെ, പെസഹായ്ക്ക് അമ്പതു ദിവസത്തിനുശേഷം വരുന്ന പന്തക്കുസ്താദിനത്തിലാണ് ശ്ലീഹന്മാരുടെമേലും  വിശ്വാസിസമൂഹത്തിന്റെമേലും പരിശുദ്ധാത്മാവ് ഇറങ്ങിവന്നത്. അതിനാലാണ് ഈ രണ്ടു തിരുനാളുകൾ ക്രൈസ്തവർ സ്വീകരിച്ചത്.

**പ്രാർത്ഥനയും പരിശുദ്ധാത്മാഗമനവും**

കർത്താവിന്റെ കല്പനയനുസരിച്ച് ആകാംക്ഷാപൂർവ്വം പ്രാർത്ഥനയിൽ കാത്തിരുന്ന വിശ്വാസിസമൂഹത്തിനാണ് പരിശുദ്ധാത്മാവിന്റെ ആഗമനത്തിന്റെ ദൈവികാനുഭവം ഉണ്ടാകുന്നത്.

പരിശുദ്ധാത്മാവിന്റെ ആഗമനം അവർക്കു ദൃശ്യമായിരുന്നു. അഗ്നിപോലെയുള്ള നാവുകളുടെ രൂപത്തിൽ അരൂപി അവിടെ സമ്മേളിച്ചിരുന്നവരുടെമേൽ വന്നിറങ്ങിയെന്നും അവർ ഭാഷാവരത്തിൽ സംസാരിക്കാൻ തുടങ്ങിയെന്നുമാണ് ലൂക്കാ രേഖപ്പെടുത്തുന്നത്. ഉൽപ 11,1-9 ൽ വിവരിക്കുന്ന സംഭവത്തെ ഓർമ്മിപ്പിക്കുന്ന ഒന്നാണ് ഇവിടെ നടക്കുന്നത്. അവിടെ ഒരു ഭാഷ സംസാരിച്ചിരുന്നവർ പരസ്പരം മനസ്സിലാകാത്ത പല ഭാഷകൾ സംസാരിക്കാൻ തുടങ്ങി. അവിടെയുണ്ടായ സംഭ്രാന്തിയിലും കോലാഹലത്തിലും അവർ തുടങ്ങിവച്ച ഗോപുരംപണി അവർക്ക് ഉപേക്ഷിക്കേണ്ടി വന്നു എന്നാണ് ബാബേൽ സംഭവത്തിന്റെ എഴുത്തുകാരൻ രേഖപ്പെടുത്തുന്നത്. ഇവിടെയും സംഭ്രാന്തിയും കോലാഹലവും ഉണ്ടാകുന്നുണ്ട്. അതിന്റെ ഫലമായിട്ടാണ് ജറുസലേമിൽ തീർത്ഥാടകരായി വന്നിരുന്ന വിവിധദേശക്കാരായ യഹൂദർ ശ്ലീഹന്മാർ താമസിച്ചിരുന്ന ഭവനത്തിന്റെ അടുത്തേക്കു വന്നത്. ബാബേലിൽ ഒരു ഭാഷ സംസാരിച്ചിരുന്നവർ പല ഭാഷകളിൽ സംസാരിക്കാൻ തുടങ്ങിയപ്പോൾ അവർക്കു പരസ്പരം മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇവിടെ ഒരു ഭാഷയിൽ സംസാരിക്കുന്ന ശ്ലീഹന്മാരെ വിവിധ ഭാഷക്കാർ അവരവരുടെ ഭാഷകളിൽ ശ്രവിക്കുന്ന അത്ഭുതപ്രതിഭാസമാണുണ്ടായത്. പ്രാർത്ഥന പരിശുദ്ധാത്മാവിനോടുള്ള തുറവിയാണെന്നും അതു മനുഷ്യരെ ഒന്നിപ്പിക്കുമെന്നും ഇതു സൂചിപ്പിക്കുന്നു.

**പ്രാർത്ഥനയും വചനസ്വീകരണവും**

"പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു" എന്നു പറഞ്ഞാണ് പരിശുദ്ധാത്മാവിന്റെ ഈ ആഗമനം അവതരിപ്പിക്കപ്പെടുന്നത്. തങ്ങളുടെ നേതാവായിരുന്ന മോശയ്ക്ക് സീനായ് മലയിൽ വച്ച് ദൈവം 'തോറാ' നല്കിയ ദിനമാണ് യഹൂദരുടെ പന്തക്കുസ്താ. സീനായ് മലയിൽവച്ച് മോശെ വഴി തോറാ നല്കിയത് ദൈവത്തിന്റെ വെളിപാടിന്റെ ഒരു പ്രവൃത്തിയായിട്ടാണ് യഹൂദർ കരുതിയിരുന്നത്. ആ ദിവസം അവർ അനുസ്മരിക്കുന്നതും അതാണ്. അത്യുന്നതന്റെ അധരങ്ങളിൽനിന്നും വന്ന ഓരോ വാക്കും എഴുപതു ഭാഷകളിലായിട്ടാണ് പ്രത്യക്ഷപ്പെട്ടതെന്നും, എന്നാൽ എഴുപതു ദേശങ്ങളിലും ജനതകളിലുംവച്ച്, ഇസ്രായേൽമാത്രമേ ദൈവത്തിന്റെ അധരങ്ങളിൽനിന്നു വന്ന വാക്കുകൾ സ്വീകരിച്ചുള്ളുവെന്നും യഹൂദർ കരുതിയിരുന്നു. പഴയ ഉടമ്പടിയുടെ കാലത്ത് ദൈവവചനം 'തോറാ'യുടെ രൂപത്തിൽ ഇസ്രായേൽ ജനത്തിനു കിട്ടിയതുപോലെ പുതിയ ഇസ്രായേൽ ജനമായ സഭയ്ക്ക് ശ്ലീഹന്മാരിലൂടെ വചനമാകുന്ന സുവിശേഷം ലഭിച്ചതും ശ്ലീഹന്മാരുടെ നേതൃത്വത്തിൽ പരിശുദ്ധ കന്യകാമറിയത്തോടും മറ്റു ശിഷ്യരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്ന സന്ദർഭത്തിലാണ് (ശ്ലീഹ 1,14). പ്രാർത്ഥനാ ജീവിതമാണ് വചനസ്വീകരണത്തിന് പശ്ചാത്തലമൊരുക്കുന്നതെന്ന് ഇതു സൂചിപ്പിക്കുന്നു. ഇപ്രകാരം പ്രാർത്ഥനയിൽ വചനസ്വീകരണത്തിനായി ഒരുങ്ങിയിരുന്ന സമൂഹത്തോടാണ് പത്രോസ് മറ്റു പതിനൊന്ന് പേരോടുമൊപ്പം സുവിശേഷപ്രഘോഷണം നടത്തിയത്.

**വചനസ്വീകരണവും സഭാസമൂഹവും**

സഭയിലെ ആദ്യത്തെ ഔദ്യോഗിക സുവിശേഷപ്രഘോഷണമാണ് പന്തക്കുസ്താദിനത്തിൽ നടന്നത്. ശ്ലീഹന്മാർ പന്ത്രണ്ടു പേരും മറ്റു വിശ്വാസികളോടൊപ്പം പരിശുദ്ധാത്മാവിൽ സ്നാനപ്പെടുകയും ശക്തിപ്പെടുകയും ചെയ്ത പശ്ചാത്തലത്തിലാണ് പത്രോസ് തന്റെ പ്രഥമ സുവിശേഷപ്രഘോഷണം നടത്തുന്നത്. പത്രോസ്ശ്ലീഹാ തന്റെ ശ്രോതാക്കളെ അഭിസംബോധനചെയ്യുന്ന രീതി ശ്രദ്ധിക്കപ്പെടേണ്ടതാണ്. 'ആഴ്ചകളുടെ തിരുനാളിന് ലോകത്തിന്റെ നാനാ

ഭാഗങ്ങളിൽ നിന്ന് ഇവിടെ എത്തിച്ചേർന്നിരിക്കുന്ന യഹൂദസഹോദരന്മാരേ' എന്നല്ല പത്രോസ് അവരെ അഭിസംബോധന ചെയ്യുന്നത്, മറിച്ച്, 'യഹൂദരായ മനുഷ്യർ' എന്നും 'ജറുസലേമിൽ വസിക്കുന്ന എല്ലാവരും' എന്നുമാണ്. രണ്ടു വ്യത്യസ്ത സംബോധനകൾക്കൊണ്ട് രണ്ടുകൂട്ടം ആളുകളെയാണ് പത്രോസ് അഭിസംബോധന ചെയ്യുന്നതെന്നാണ് കരുതപ്പെടുന്നത്. അതായത് യഹൂദരെയും ജറുസലേമിൽ സ്ഥിരമായി താമസിക്കുന്നവരെയും. 2,22 ൽ ഇസ്രായേൽക്കാരെ മാത്രമേ അഭിസംബോധന ചെയ്യുന്നുള്ളൂ. ക്രൈസ്തവസന്ദേശം സാർവ്വത്രികമാണെന്നും അത് എല്ലാ ജനതകൾക്കുംവേണ്ടിയുള്ളതാണെന്നുമുള്ള ലൂക്കായുടെ ബോദ്ധ്യമായിരിക്കാം ഇങ്ങനെ എല്ലാവരെയും അഭിസംബോധന ചെയ്യാൻ കാരണം. എല്ലാവരുടെയും ശ്രദ്ധ ക്ഷണിച്ചുകൊണ്ടാണ് പത്രോസ് തന്റെ പ്രഘോഷണം ആരംഭിക്കുന്നത്. അതിന്റെ ഫലമായി വചനം സ്വീകരിച്ചവരുടെ സമൂഹമായി ആദിമസഭ ജന്മം കൊള്ളുന്നു. "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു" (ശ്ലീഹ 2,41).

**സഭ: സുവിശേഷം പ്രഘോഷിക്കുന്ന സമൂഹം**

പന്തക്കുസ്താനുഭവത്തിലൂടെ രൂപംകൊണ്ട സഭാസമൂഹം സദാ സുവിശേഷം പ്രഘോഷിക്കുന്ന സമൂഹമായിരിക്കണം. അത് എപ്രകാരമാണെന്ന് ജറുസലേമിൽ രൂപംകൊണ്ട ക്രിസ്തീയ വിശ്വാസിസമൂഹം ഉദാഹരിക്കുന്നു. നാലു സവിശേഷതകളാണ് ജറുസലേമിലെ വിശ്വാസിസമൂഹത്തിനുണ്ടായിരുന്നത്. "ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ അവർ താല്പര്യപൂർവ്വം പങ്കുചേർന്നിരുന്നു" (ശ്ലീഹ 2,42). അവർ ശ്ലീഹന്മാർ പഠിപ്പിച്ചിരുന്നതനുസരിച്ച് ജീവിക്കാൻ തയ്യാറായിരുന്നു. അവർ ശ്ലീഹന്മാരെ ശ്രദ്ധയോടെ ശ്രവിക്കുകയും അതനുസരിച്ച് അവരുടെ ജീവിതം ക്രമപ്പെടുത്തുകയും ചെയ്തു. വിശ്വാസികളുടെ കൂട്ടായ്മയായിരുന്നു ആദിമക്രൈസ്തവസമൂഹത്തിന്റെ മറ്റൊരു സവിശേഷത. അവരുടെ കൂട്ടായ്മ ശ്ലീഹന്മാരോടൊപ്പമായിരുന്നു. അവർ ഒരുമിച്ചുകൂടി അപ്പം മുറിച്ചിരുന്നു. 'അപ്പം മുറിക്കൽ' എന്ന പദപ്രയോഗം കുർബാനയെയാണ് പ്രധാനമായും സൂചിപ്പിക്കുന്നത്. 'പ്രാർത്ഥന' എന്നത് 'നിശ്ചിതപ്രാർത്ഥനകൾ' എന്നാണ് ഗ്രീക്കു മൂലഭാഷയിൽ കാണുന്നത്. അവ യാമപ്രാർത്ഥനകളാകാനാണ് സാദ്ധ്യത. സുവിശേഷം സ്വീകരിച്ച സമൂഹം സുവിശേഷാനുസൃതം ജീവിക്കുകയും സുവിശേഷം ആഘോഷിക്കുകയും (പരി. കുർബാന) പ്രാർത്ഥനയിലൂടെ (യാമപ്രാർത്ഥന) സുവിശേഷചൈതന്യത്തിന് പ്രകാശനം നൽകുകയും ചെയ്യുന്ന സമൂഹമായിരുന്നു. അപ്രകാരം സുവിശേഷം പ്രഘോഷിക്കുന്ന ഒരു സമൂഹമാകുവാനാണ് സഭാംഗങ്ങളെല്ലാം വിളിക്കപ്പെട്ടിരിക്കുന്നത്.

***"ദൈവമേ, എല്ലാ കാര്യങ്ങളിലും അങ്ങയെ ആശ്രയിക്കുന്ന ആത്മാവ് അങ്ങേക്കു സംപ്രീതമാണല്ലോ. ആകയാൽ അങ്ങയുടെ നിവേശനങ്ങൾ സ്വീകരിച്ച് അങ്ങയെ വിശ്വസ്തതാപൂർവം അനുഗമിക്കാൻ എനിക്കു വരം തരണമേ. ആമ്മേൻ".***

**(ക്രിസ്താനുകരണം)**



# പരിശുദ്ധാത്മാവ്: സഭയുടെ ചാലകശക്തിയും പ്രചോദനവും മാർഗദർശിയും

റവ. ഡോ. രഞ്ജിത് ചക്കുംമൂട്ടിൽ
താമരശ്ശേരി രൂപത

**പ**രിശുദ്ധാത്മാവിന്റെ സഭയിലെ പ്രവർത്തനങ്ങളെപ്പറ്റി ഫ്രാൻസിസ് മാർപ്പാപ്പ ഇങ്ങനെ എഴുതി: “പിതാവിനും പുത്രനും ഇടയിലുള്ള സ്നേഹബന്ധമെന്ന നിലയിൽ, പരിശുദ്ധാത്മാവ്, ദൈവജനത്തിന്റെ കൂട്ടായ്മയെ കെട്ടിപ്പടുക്കുകയും, വൈവിധ്യമാർന്ന ദാനങ്ങളും വരങ്ങളും അവർക്കു നൽകുകയും ചെയ്യുന്നു. കൂദാശകളിലൂടെ, മിശിഹായുടെ മൗതികശരീരത്തിലെ അംഗങ്ങൾക്ക് ആത്മാവിൽനിന്ന് ദാനങ്ങൾ ലഭിക്കുന്നു. ഇത് സഭയുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും സുവിശേഷ പ്രഘോഷണത്തിനുംവേണ്ടി പ്രയത്നിക്കാൻ അവരെ പ്രാപ്തരാക്കുന്നു”. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളിൽ നമ്മുടെ പ്രാർത്ഥനകളിലും വിചിന്തനങ്ങളിലും പഠനങ്ങളിലും ഏറ്റവും കുറച്ചു കടന്നുവരുന്നത് ഒരുപക്ഷേ പരിശുദ്ധാത്മാവായിരിക്കും. വിശുദ്ധഗ്രന്ഥത്തിൽ നോക്കിയാലും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വചനങ്ങൾ താരതമ്യേന കുറവുതന്നെ. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും പരിശുദ്ധാത്മാവു വഹിക്കുന്ന പങ്ക് അനിർവ്വചനീയവും അതിരുകൾ ഇല്ലാത്തതുമാണ്. എന്നാൽ, പരിശുദ്ധാത്മ ഭക്തിയിലും ആത്മാവിന്റെ പ്രചോദനങ്ങൾ വിവേചിക്കുന്നതിലും വർത്തമാനകാല സഭ ചിലപ്പോഴെങ്കിലും പിന്നോട്ടു പോകുന്നുണ്ടെന്നു തോന്നുന്നു. ഈ ശ്ലീഹാക്കാലത്ത് സഭയിലെയും, പ്രത്യേകമായി നമ്മുടെ അനുദിന ജീവിതത്തിലെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ആത്മാവിന്റെ നിമന്ത്രണങ്ങൾക്കു കാതോർക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കൂടുതൽ ധ്യാനിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്.

## പന്തക്കുസ്താ അനുഭവം

സഭയിൽ പരിശുദ്ധാത്മാവിന്റെ രൂപാന്തരീകരണ ശക്തിയുടെ ഏറ്റവും ശ്രേഷ്ഠമായ ആഘോഷമായാണ് പന്തക്കുസ്ത കണക്കാക്കപ്പെടുന്നത്. ത്രിത്വത്തിലെ മൂന്നാമത്തെ വ്യക്തി ശ്ലീഹന്മാരുടെമേൽ തീനാവുകളായി ഇറങ്ങി എല്ലാ ദേശങ്ങളിലും സുവിശേഷം പ്രഘോഷിക്കാൻ അവരെ ശക്തരാക്കിയ ഒരു ദൈവിക അനുഭവത്തെ അത് അടയാളപ്പെടുത്തുന്നു. ശ്ലീഹന്മാരുടെ നടപടികൾ രണ്ടാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ നിർണായക സംഭവം അടിസ്ഥാനപരമായി സഭ എന്നത് കേവലം മനുഷ്യ സ്ഥാപിതമായ ഒന്നല്ല, മറിച്ച് ദൈവത്താൽ സ്ഥാപിക്കപ്പെട്ട് ദൈവികമായി നയിക്കപ്പെടുന്ന ഒരു സമൂഹമാണത് എന്ന യാഥാർഥ്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. സെഹിയോൻ ഊട്ടുശാലയിലെ പന്തക്കുസ്താ ദിനത്തിലെന്നതുപോലെ ഇന്നും പരിശുദ്ധാത്മാവ് സഭയെ പ്രചോദിപ്പിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. സഭയുടെ രണ്ടു സഹസ്രാബ്ദത്തിലെ ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ, സഭയുടെ ഗതിയെ രൂപപ്പെടുത്തിയ, അതിന്റെ വളർച്ചയെ അടയാളപ്പെടുത്തിയ എണ്ണമറ്റ വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ മൃദുശബ്ദങ്ങളും അഗാധമായ പ്രചോദനങ്ങളും അനുഭവിക്കുകയും അതിനോടു വിശ്വാസത്തോടും അനുസരണത്തോടുംകൂടെ പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. ദൈവികപദ്ധതിയോടുള്ള കന്യാമറിയത്തിന്റെ ആത്മാർത്ഥമായ ‘സമ്മതം’ മുതൽ, ശ്ലീഹന്മാരുടെ മിഷനറി യാത്രകളും സഭാപിതാക്കന്മാരുടെ ധീരമായ സമർപ്പണവും കഴിഞ്ഞ നൂറ്റാണ്ടുകളിലുടനീളമുള്ള വിശുദ്ധരുടെ മിസ്റ്റിക്കൽ അനുഭവങ്ങളും തുടങ്ങി സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ, വിവിധ സംസ്കാരങ്ങളിലൂടെയും നൂറ്റാണ്ടുകളിലൂടെയും വിശ്വാസത്തിന്റെ ഊടും പാവും നെയ്തെടുക്കുന്ന അദൃശ്യമായ ഇഴയാണ് പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളും മാർഗനിർദ്ദേശങ്ങളും എന്നു മനസ്സിലാക്കാൻ നമുക്കു കഴിയും.


## പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് തിരുവചനത്തിന്റെ സാക്ഷ്യം.

വിശ്വാസികളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുകയും ശുശ്രൂഷയ്ക്കായി അവരെ ശക്തീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിനെ പുതിയനിയമം ശ്രേഷ്ഠമായ ദിവ്യ വഴികാട്ടിയായി അവതരിപ്പിക്കുന്നു. ഈശോതന്നെ തന്റെ ശിഷ്യന്മാർക്ക് സഹായകനായും ഗുരുവായും ആശ്വാസകനായും ആത്മാവ് വരുമെന്നും അവരോടൊപ്പം എന്നേക്കും വസിക്കുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ വാഗ്ദാനം പന്തക്കുസ്തായിൽ പൂർത്തിയായി. സാധാരണ മത്സ്യത്തൊഴിലാളികളും ചുങ്കക്കാരും, വാക്ചാതുര്യമുള്ള സുവിശേഷ പ്രഘോഷകരായി; അവർ ഒരിക്കലും പഠിക്കാത്ത ഭാഷകളിൽ സംസാരിക്കുകയും സകല ജനങ്ങളോടും ദൈവത്തിന്റെ വൻകാര്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. ശ്ലീഹന്മാരുടെ നടപടികൾ പതിനഞ്ചാം അധ്യായത്തിൽ പ്രതിപാദിക്കുന്ന ജറുസലേം കൗൺസിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനത്തിലും നിയന്ത്രണത്തിലും ഉള്ളതായിരുന്നുവെന്ന് വചനം പറയുന്നുണ്ട് (ശ്ലീഹ 15,8.28). സങ്കീർണ്ണമായ ദൈവശാസ്ത്രപരവും അജപാലനപരവുമായ പ്രശ്നങ്ങളിൽ സഭ ദൈവത്തിന്റെ ഇഷ്ടം എങ്ങനെ തിരിച്ചറിഞ്ഞു എന്നതിന്റെ ഒരു മാതൃകയായി ഈ സമ്മേളനം മാറി. മനുഷ്യന്റെ യുക്തിയും ദൈവിക പ്രചോദനവും തമ്മിലുള്ള കൃത്യമായ യോജിപ്പ് ഇവിടെ നമുക്കു കാണാം. ശ്ലീഹന്മാരുടെ നടപടികളിലെ എട്ടാം അധ്യായത്തിൽ വിവരിക്കുന്ന എത്യോപ്യൻ ഷണ്ഡനുമായുള്ള പീലിപ്പോസിന്റെ കൂടിക്കാഴ്ച സുവിശേഷ പ്രഘോഷണത്തിൽ പരിശുദ്ധാത്മാവിന്റെ മാർഗനിർദ്ദേശങ്ങൾ എത്ര പ്രധാനമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. രഥത്തെ

സമീപിക്കാൻ ആത്മാവ് പീലിപ്പോസിനോടു പ്രത്യേകമായി നിർദ്ദേശിച്ചു. ഇതു പിന്നീട് ഷണ്ഡന്റെ മാനസാന്തരത്തിലേക്കും ജ്ഞാനസ്നാനത്തിലേക്കും നയിച്ച ഒരു സംഭാഷണത്തിലേക്കു വഴിതെളിച്ചു. സുവിശേഷം പ്രഘോഷിക്കാൻ, ശരിയായ സമയത്ത്, ശരിയായ സ്ഥലത്ത്, ശരിയായ വ്യക്തികളെ നയിക്കുന്നതിലൂടെ, പരിശുദ്ധാത്മാവ് ദൈവിക നിയോഗങ്ങൾ എങ്ങനെ ക്രമീകരിക്കുന്നുവെന്ന് ഈ സംഭവം പ്രകടമാക്കുന്നു.

## പരിശുദ്ധ മറിയത്തിന്റെ ആത്മസമർപ്പണം: പരിശുദ്ധാത്മഹിതത്തിന് കീഴടങ്ങുന്നതിന്റെ പരമോന്നത ഉദാഹരണം

പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കും നിയന്ത്രണങ്ങൾക്കും കീഴടങ്ങുന്നതിന്റെ വിശുദ്ധ ഗ്രന്ഥത്തിലെ ഏറ്റവും ആഴമേറിയ ഉദാഹരണമാണ് ഗബ്രിയേൽ മാലാഖയോടുള്ള കന്യാമറിയത്തിന്റെ പ്രതികരണം. അത്യുന്നതന്റെ ശക്തിയാൽ അവൾ ഗർഭം ധരിക്കുമെന്ന് മറിയത്തോടു മാലാഖ പറഞ്ഞപ്പോൾ, മറിയത്തിന്റെ പ്രതികരണം ഏറ്റവും ലളിതവും എന്നാൽ ആത്മാർത്ഥവും ആയിരുന്നു: “നിന്റെ വചനം എന്നിൽ നിറവേറട്ടെ”. ഈ സ്വയം സമർപ്പണം, പരിശുദ്ധാത്മാവിനോടുള്ള സഹകരണം, ഈ നിരുപാധികമായ ‘സമ്മതം’, ദൈവത്തിന്റെ മനുഷ്യാവതാരത്തിലേക്കും മനുഷ്യരാശിയുടെ മുഴുവൻ വീണ്ടെടുപ്പിലേക്കും വാതിൽ തുറന്നു. മറിയത്തിന്റെ ഈ ‘സമ്മതം’, ഒരു നിഷ്ക്രിയമായ കീഴടങ്ങൽ ആയിരുന്നില്ല, മറിച്ച് ദൈവത്തിന്റെ



പദ്ധതിയുമായുള്ള സജീവമായ സഹകരണമായിരുന്നു. സാമൂഹിക അപകടസാധ്യതകൾ, കിട്ടാവുന്ന നിന്ദാപമാനങ്ങൾ, തിരസ്കരണം, യഹൂദനിയമത്തിനു കീഴിലുള്ള മരണംപോലും വിധിക്കപ്പെടാവുന്ന സാഹചര്യം - എല്ലാം മനസ്സിലാക്കിയിട്ടും, ദൈവത്തിന്റെ ഇഷ്ടത്തിനും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനും നിയന്ത്രണത്തിനും അവൾ പൂർണ്ണമായും സമർപ്പിച്ചു. ആത്മാവിന്റെ പ്രവർത്തനത്തിലേക്ക് സ്വയം തുറന്നുകൊടുക്കുന്നതിനുള്ള ക്രിസ്തുശിഷ്യന്റെ തികഞ്ഞ മാതൃകയായി മറിയത്തെ സഭ എന്നും കണക്കാക്കുന്നത് അതുകൊണ്ടാണ്. വ്യക്തിപരമായ നഷ്ടങ്ങളോ, കഷ്ടപ്പാടുകളോ ആശ്വാസമോ പരിഗണിക്കാതെ ദൈവത്തിന്റെ ഇഷ്ടങ്ങൾ പൂർണ്ണമായും നിറവേറ്റുന്നവരിലൂടെയാണ് ആത്മാവിന്റെ ഏറ്റവും വലിയ പ്രവൃത്തികൾ പ്രാവർത്തികമാകുന്നത് എന്ന് മറിയത്തിന്റെ ഉദാഹരണം നമ്മെ പഠിപ്പിക്കുന്നു.

### ശ്ലീഹന്മാർ: ഭയത്തിൽനിന്നു ധൈര്യത്തിലേക്ക്

ഭയചകിതരും ആശയക്കുഴപ്പത്തിലായിരുന്നവരുമായ വെറും ശിഷ്യന്മാരിൽനിന്ന് ധീരരും ഉത്സാഹികളും വാക്ചാതുര്യമുള്ളവരുമായ നേതാക്കളായുള്ള ശ്ലീഹന്മാരുടെ മാറ്റം, ആത്മാവിനെ ഉൾക്കൊള്ളുന്ന മനുഷ്യനു സംഭവിക്കുന്ന പരിവർത്തനത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ ഉദാഹരണങ്ങളിലൊന്നാണ്. പന്തക്കുസ്തായ്ക്കു മുമ്പ്, ഈ മനുഷ്യർ ഈശോയെ കുരിശിൻ ചുവട്ടിൽ ഉപേക്ഷിച്ചു, പത്രോസ് തന്റെ ഗുരുവിനെ മൂന്ന് തവണ നിഷേധിച്ചു, പിന്നെയവർ തങ്ങളുടെ പഴയ ജീവിത തൊഴിലുകളിലേക്കു തിരിച്ചുപോയി. പക്ഷേ, അമ്പത് ദിവസങ്ങൾക്കു ശേഷം, ഇതേ വ്യക്തികൾ തങ്ങളുടെ നാഥനെ ക്രൂശിച്ച അതേ അധികാരികൾക്ക് മുന്നിൽ എഴുന്നേറ്റുനിന്ന് ഈശോയുടെ പുനരുത്ഥാനം ധീരമായി പ്രഖ്യാപിക്കുകയും, ഭീഷണികളും പീഡകളും ശിക്ഷകളും ഉണ്ടായിരുന്നിട്ടും, നിശബ്ദത പാലിക്കാൻ വിസമ്മതിക്കുകയും ചെയ്തു. ശ്ലീഹന്മാരുടെ നടപടികൾ രണ്ടാം അധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പന്തക്കുസ്താ ദിനത്തിലെ പത്രോസിന്റെ പ്രഭാഷണം, അദ്ദേഹത്തിന് ധൈര്യവും വാഗ്മിത്വവും നൽകുന്നതിൽ ആത്മാവിന്റെ പ്രവർത്തനത്തെ പ്രകടമാക്കുന്നു. ഒരു വേലക്കാരിപ്പെൺകുട്ടിയെപ്പോലും ഭയപ്പെട്ടിരുന്ന അതേ പത്രോസ് ഇപ്പോൾ ആയിരക്കണക്കിന് ആളുകൾക്കു മുന്നിൽനിന്ന്, തിരുവെഴുത്തുകൾ അധികാരത്തോടെ ഉദ്ധരിക്കുകയും ഒരു ദിവസംകൊണ്ട് മൂവായിരം മനുഷ്യരെ വിശ്വാസത്തിലേക്കു നയിക്കുകയും ചെയ്തു. ആത്മാവ് വിശ്വാസികളെ നയിക്കുക മാത്രമല്ല, എങ്ങനെയാണ് അവരുടെ ജീവിതത്തെയും കഴിവുകളെയും അടിസ്ഥാനപരമായി മാറ്റുകയും ചെയ്യുന്നതെന്ന് ഈ പരിവർത്തനം വ്യക്തമാക്കുന്നു.

ക്രിസ്ത്യാനികളുടെ പീഡകനായിരുന്ന സാവൂൾ പൗലോസായി മാറിയതും സഭയുടെ ഏറ്റവും തീക്ഷ്ണതയുള്ള മിഷനറിയായി തീർന്നതും സഭയെ കെട്ടിപ്പടുക്കുന്നതിൽ പത്രോസിനോടൊപ്പം മുഖ്യ പങ്കുവഹിച്ചതും ഇതേ പരിശുദ്ധാത്മ ശക്തിയാൽതന്നെ. ഈ സമൂലമായ പരിവർത്തനങ്ങൾ മനുഷ്യപ്രകൃതിയെയും അവന്റെ പ്രവർത്തനങ്ങളെയും ദൈവത്തിന്റെ മഹത്തായ ലക്ഷ്യങ്ങളിലേക്കു നയിക്കാനുള്ള ആത്മാവിന്റെ ശക്തിയെ പ്രകടമാക്കുന്നു.

### വിശുദ്ധർ: പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട യാനങ്ങൾ

പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളോടും മാർഗനിർദേശങ്ങളോടുമുള്ള അഗാധമായ സംവേദനക്ഷമതയുടെ ഉത്തമ ഉദാഹരണങ്ങളായ വിശുദ്ധരെക്കൊണ്ട് സഭയുടെ ചരിത്രം സമ്പന്നമാണ്. "എടുത്തു വായിക്കുക" എന്നു പറയുന്ന ഒരു കുട്ടിയുടെ ശബ്ദം പോലെ ഹിപ്പോയിലെ വിശുദ്ധ അഗസ്റ്റിൻ കേട്ടു. നോക്കിയപ്പോൾ അദ്ദേഹം കണ്ടത് വിശുദ്ധ

ബൈബിളാണ്. അതനുസരിച്ച് വിശുദ്ധഗ്രന്ഥം തുറന്നു വായിച്ചതുമുതൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ ദൈവികമായ രൂപാന്തരീകരണം ആരംഭിച്ചു. സഭയുടെ ആഴമേറിയ ദൈവശാസ്ത്ര പാരമ്പര്യത്തിന് അദ്ദേഹമായിരുന്നു തുടക്കമിട്ടത്. "ഫ്രാൻസിസ്, തകർന്നുകിടക്കുന്ന എന്റെ ഭവനം പുനർനിർമ്മിക്കുക" എന്ന് ക്രൂശിൽനിന്ന് മിശിഹാ തന്നോടു സംസാരിക്കുന്നത് അസീസിയിലെ ഫ്രാൻസിസ് കേട്ടു. ഇത്, സാൻ ദാമിയാനോയിലെ തകർന്നുകിടന്ന ഒരു കപ്പേളയുടെ ഭൗതിക പുന:സ്ഥാപനമാണെന്ന് തുടക്കത്തിൽ കരുതിയ വിശുദ്ധ ഫ്രാൻസിസ്, പിന്നീട് മുഴുവൻ സഭയെയും പരിഷ്കരിക്കാനുള്ള പരിശുദ്ധാത്മ ആഹ്വാനമായി മനസ്സിലാക്കി. സമൂലമായ ദാരിദ്ര്യത്തോടുള്ള അദ്ദേഹത്തിന്റെ ആലിംഗനവും സുവിശേഷത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും സഭയെ ആകമാനം ഇന്നും സ്വാധീനിക്കുന്ന ഒരു നവീകരണ പ്രസ്ഥാനത്തിനു കാരണമായി. 1946-ൽ വാർഷിക ധ്യാനത്തിനായി കൊൽക്കത്തയിൽ നിന്ന് ഡാർജിലിംഗിലേക്ക് ട്രെയിനിൽ യാത്ര ചെയ്യുന്നതിനിടെ, വിശുദ്ധ മദർ തെരേസ, പിന്നീട് അവർ 'വിളിയ്ക്കുള്ളിലുള്ള വിളി' എന്ന് വിശേഷിപ്പിച്ച ഒരു ആഴമേറിയ പരിശുദ്ധാത്മ നിമന്ത്രണം ശ്രവിച്ചു. ദൈവാത്മാവിൽനിന്നുള്ള ഈ പ്രചോദനം അവരിൽ വരുത്തിയ മാറ്റങ്ങൾ, പിന്നീട് ലോകമെങ്ങും കാരുണ്യപ്രവർത്തനങ്ങളുടെ അമ്മയായി അവർ അറിയപ്പെടുന്നതിന് കാരണമായി; ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അവർ സഭയുടെ മുഖമായി. അങ്ങനെ സഭയുടെ ചരിത്രത്തിൽ വിവാദങ്ങളുടെയും ഭിന്നിപ്പിന്റെയും സമയങ്ങളിൽപോലും, സഭയെ സത്യത്തിലേക്കും ഐക്യത്തിലേക്കും നയിക്കാൻ ആത്മാവ് നിരന്തരം പ്രവർത്തിക്കുന്നതായി നമുക്ക് മനസ്സിലാക്കാൻ കഴിയും .

**ആത്മാവിന്റെ ശബ്ദം എങ്ങനെ തിരിച്ചറിയാം?**

വർത്തമാന ലോകത്തിൽ ആത്മാവിന്റെ നിമന്ത്രണങ്ങളും പ്രചോദനങ്ങളും മാർഗ നിർദ്ദേശങ്ങളും തിരിച്ചറിയാൻ പഠിക്കുക എന്നത് എല്ലാ വിശ്വാസികൾക്കും സഭാസമൂഹ ങ്ങൾക്കും മുന്നിലുള്ള ഒരു വെല്ലുവിളിയും ഉത്തരവാദിത്വവുമാണ്. പരിശുദ്ധാത്മാവിന്റെ വാക്കുകൾ പലപ്പോഴും നാടകീയമായ ദർശനങ്ങളായോ, ഭൗതിക കർണ്ണങ്ങൾക്കു ശ്രവിക്കാവുന്ന വാക്കുകളായോ വരുന്നില്ല, മറിച്ച് മൃദുവായ മന്ത്രണങ്ങളായും വളരുന്ന ബോധ്യങ്ങളായും, അല്ലെങ്കിൽ നമുക്കു മുമ്പിൽ തുറക്കുന്നതോ അടയ്ക്കുന്നതോ ആയ വാതിലുകളായും വരുന്നു. പ്രാർത്ഥനയിലൂടെയും വചനവായനയിലൂടെയും ധ്യാനത്തിലൂടെയും സഭയുടെ കൂദാശകളിലുള്ള പങ്കാളിത്തത്തിലൂടെയും ദൈവവുമായുള്ള ആഴത്തിലുള്ള ബന്ധം വളർത്തിയെടുക്കുക എന്നതാണ് ഈ വിവേചനത്തിന്റെ താക്കോൽ. ഒച്ചപ്പാടുകൾ നിറഞ്ഞ ഈ ആധുനിക ലോകത്തിൽ നിശബ്ദതയുടെ മൂല്യം നാം ഇനിയും തിരിച്ചറിയണം; നിശബ്ദതയുടെ ഉൾക്കരുത്തിൽ മാത്രമേ, ഈ പരിശുദ്ധാത്മനിമന്ത്രണങ്ങൾ നമുക്ക് ശ്രവിക്കാനാവൂ. വിശുദ്ധ ഇഗ്നേഷ്യസ് ലയോള, കുരിശിന്റെ വിശുദ്ധ യോഹന്നാൻ തുടങ്ങിയ വിശുദ്ധർ നമ്മെ പഠിപ്പിച്ച ഈ ആത്മീയ സാധനയുടെ പാരമ്പര്യം ആത്മാവിന്റെ ചലനങ്ങളെ തിരിച്ചറിയുന്നതിനുള്ള പ്രായോഗിക ജ്ഞാനം നമുക്കു നൽകുന്നു. ഈ വിവേചനം പ്രാവർത്തികമാക്കുന്നതിന് സാമൂഹിക ജ്ഞാനവും ആവശ്യമാണ്. പ്രാർത്ഥനയിലൂടെയും ചർച്ചയിലൂടെയും ആത്മാവിന്റെ മാർഗനിർദേശം തേടി ആദിമസഭ കൂട്ടായി തീരുമാനങ്ങൾ കൈക്കൊണ്ടതുപോലെ, പ്രാർത്ഥ നയോടൊപ്പം ആത്മീയഗുരുക്കൻമാരുടെയും സഭാപിതാക്കന്മാരുടെയും പക്വതയുള്ള വിശ്വാ സിസമൂഹത്തിന്റെയും ഉപദേശം തേടുന്നതിലൂടെ വർത്തമാനകാലത്തെ വിശ്വാസികൾക്ക് പരി ശുദ്ധാത്മാവിന്റെ ഈ വിവേചനം ലഭിക്കുന്നു.

**ആത്മാവിന്റെ ഫലങ്ങൾ**

വ്യക്തികളും സമൂഹങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളുമായി സഹകരിക്കുമ്പോൾ, അതിന്റെ ഫലങ്ങൾ സഭയെയും ലോകത്തെയും പരിവർത്തനം ചെയ്യുന്നു. ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവ വ്യക്തിപരമായ സ്വഭാവത്തിലും സമൂഹ ജീവിതത്തിലും പ്രകടമാകുകയും ചെയ്യുന്നു.

മനുഷ്യന്റെ ജ്ഞാനത്താലോ, ശക്തിയാലോ, സ്ഥാപനപരമായ കെട്ടുറപ്പിനാലോ അല്ല, മറിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെയും മാർഗനിർദേശത്തിലൂടെയുമാണ് സഭ നിലനിൽക്കുന്നതെന്ന് ആദിമസഭയുടെ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ മറിയത്തിന്റെ നിയോഗം മുതൽ ചരിത്രത്തിലുടനീളം ആത്മാവിന്റെ മാർഗനിർദേശം പിന്തുടർന്ന ശ്ലീഹന്മാരുടെയും അസംഖ്യം വിശുദ്ധരുടെയും ജീവിതാനുഭവങ്ങൾ തുടങ്ങി, സഭയുടെ പ്രയാണത്തിൽ ഉടനീളം ഈ പരിശുദ്ധാത്മ നേതൃത്വം ഇടതടവില്ലാതെ തുടരുന്നു.

ആത്മാവിന്റെ നിമന്ത്രണങ്ങൾ കേൾക്കാൻ ക്ഷമയും എളിമയും ഒപ്പം പരിശീലനവും ആവശ്യമാണ്. നിശബ്ദതയ്ക്കും പ്രാർത്ഥനയ്ക്കും ഇടം സൃഷ്ടിക്കുക, തുറന്ന മനസ്സോടെ തിരുവചനം പഠിക്കുക, സഭയുടെ ആരാധനാക്രമത്തിലും കൂദാശകളിലും സജീവമായി പങ്കെടുക്കുക എന്നിവയാണ് അതിന്റെ മാർഗം. ദൈവത്തിന്റെ വിളി അപ്രതീക്ഷിത ദിശകളിലേക്കു നയിക്കുകയോ, ബുദ്ധിമുട്ടേറിയ ഒരു ത്യാഗം ആവശ്യപ്പെടുകയോ ചെയ്യുമ്പോൾപോലും, പരിശുദ്ധ അമ്മയെപ്പോലെ 'സമ്മതം' എന്നു പറയാൻ തയ്യാറായിരിക്കുക എന്നാണ് ഇതിനർത്ഥം. പന്തക്കുസ്താദിനത്തിൽ പ്രകടിപ്പിച്ച അതേ ശക്തിയോടും ജ്ഞാനത്തോടുംകൂടി പരിശുദ്ധാത്മാവ് ഇന്നും സഭയെ നയിക്കുന്നു.

വിശ്വാസികൾ വ്യക്തിപരമായും സമൂഹമായും ആത്മാവിന്റെ മാർഗനിർദേശങ്ങളുമായി സഹകരിക്കാൻ ശ്രമിക്കുമ്പോൾ, ഈ ലോകത്തിൽ തുടരുന്ന ദൈവത്തിന്റെ രക്ഷയുടെയും രൂപാന്തരീകരണത്തിന്റെയും പ്രവർത്തനത്തിൽ അവർ പങ്കുചേരുന്നു. സഭയുടെ ഏറ്റവും മഹത്തായ ദിവസങ്ങൾ ഭൂതകാലത്തിലല്ല, ഭാവിയിലാണ്, കാരണം ദൈവാത്മാവ് 'മിശിഹായുടെ ശരീരത്തെ' സ്വർഗത്തിലെന്നപോലെ ഭൂമിയിലെയും ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേക്ക് ഇപ്പോഴും നയിച്ചു കൊണ്ടിരിക്കുന്നു.

**പരിശുദ്ധാത്മാവിനെതിരായ പാപങ്ങൾ:**

1. ***സ്വർഗം കിട്ടുകയില്ലെന്ന വിചാരം (നിരാശ).***
2. ***സത്പ്രവൃത്തി കൂടാതെ സ്വർഗം പ്രാപിക്കാമെന്ന മിഥ്യാപ്രതീക്ഷ.***
3. ***ഒരു കാര്യം സത്യമാണെന്നറിഞ്ഞാലും അതിനെ നിഷേധിക്കുന്നത്.***
4. ***അന്യരുടെ നന്മയിലുള്ള അസൂയ.***
5. ***പാപം ചെയ്തതിനുശേഷം അനുതപിക്കാതെ പാപത്തിൽത്തന്നെ ജീവിക്കുന്നത്.***
6. ***അന്ത്യസമയത്തുപോലും അനുതപിക്കാതെ പാപത്തോടുകൂടി മരിക്കുന്നത്.***



# ആത്മാവാൽ നിറയാം

**സിജി കുന്നത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒ**രിക്കൽ കോഴിക്കോടിനടുത്ത് ഒരു വീട്ടിൽ അർദ്ധരാത്രിക്കടുത്ത് കയറിച്ചെല്ലുവാൻ ഇടയായി. അപ്രതീക്ഷിതമല്ലായിരുന്നു അങ്ങോട്ടുള്ള പോക്കും ആ ഭവനത്തിലുള്ള രണ്ടു ദിവസത്തെ താമസവും. എങ്കിലും വളരെ ഹൃദ്യത നിറഞ്ഞതും മറക്കാനാവാത്തതുമായി എന്നും അത് മനസ്സിൽ കോറിയിടപ്പെട്ടു. കയറിച്ചെന്നപ്പോൾ ആ ഭവനത്തിലെ വല്യപ്പൻ മുതൽ കൊച്ചുമകൻ വരെ ഞങ്ങളെ വരവേൽക്കാനായി ഉറക്കമിളച്ചു കാത്തിരിക്കുകയായിരുന്നു. പിന്നീടുള്ള ദിനങ്ങളിലും ആ ഭവനത്തിൽനിന്നും അനുഭവിക്കാൻ കഴിഞ്ഞത് ആനന്ദത്തിന്റെയും സമാധാനത്തിന്റെയും അലയടികൾ മാത്രമായിരുന്നു. തിരിച്ച് ആ വീടിന്റെ പടിയിറങ്ങിയപ്പോൾ കണ്ണുകൾ നിറയുവാനിടയായി. അത് അവിടെനിന്നു ലഭിച്ച സ്നേഹത്തിന്റെയും ആനന്ദത്തിന്റെയും കരുതലിന്റെയും നീർത്തുള്ളികളല്ലാതെ മറ്റൊന്നുമായിരുന്നില്ല. മനുഷ്യമക്കളിലൂടെ തന്റെ സ്നേഹവും കരുതലും അനുഭവിച്ചറിയാൻ ദൈവം തന്ന അവസരമായിരുന്നു അത്. ദൈവത്തിന്റെ സൃഷ്ടികളായ ഓരോരുത്തരിലും ദൈവം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്നത് കാണാനും അനുഭവിക്കാനും കഴിയുന്നത് അത്ഭുതാവഹം തന്നെയല്ലേ! ശ്ലീഹാക്കാലത്തിലെ ധ്യാനചിന്തയും ദൈവമഹത്ത്വം ശ്ലീഹന്മാരിലൂടെ പ്രവർത്തനനിരതമാകുന്നതാണല്ലോ.

ആരാധനക്രമവത്സരത്തിൽ ഉയിർപ്പുകാലം കഴിഞ്ഞ് ശ്ലീഹാക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. പേടിച്ചരണ്ട ശ്ലീഹന്മാർ പ്രാർത്ഥനയിൽ അഭയം തേടിയപ്പോൾ അവർക്കു

വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സഹായകനായ റൂഹായാൽ അവർ നിറഞ്ഞു. തന്റെ ദാനങ്ങളും ഫലങ്ങളും നൽകി അവിടുന്ന് അവരെ മികവുറ്റവരാക്കി. പരിശുദ്ധാത്മാവു കടന്നുവന്നപ്പോൾ ഭയാശങ്കകളെല്ലാം നീങ്ങി അവർ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നവരായി. യഥാർത്ഥത്തിൽ മിശിഹാനുഗാമികളായി മാറിയ ശിഷ്യസമൂഹം! പരിശുദ്ധാത്മാവിനെ പേറുന്നവരും അഭിമാനപൂർവ്വം മിശിഹായെ പ്രസംഗിക്കുന്നവരും അനേകം മക്കളെ സഭാഗാത്രത്തിലേക്ക് കൊണ്ടുവരുവരുന്നവരുമായി രൂപാന്തരം പ്രാപിക്കാൻ അവർക്കു കഴിഞ്ഞു. അനേകം മക്കളെ ആശ്വസിപ്പിക്കാനും രക്ഷ നല്കാനും, അതുമാത്രമല്ല, മരണത്തിൽനിന്നുപോലും ഉയിർപ്പിക്കാനും കഴിവുറ്റവരായി ശിഷ്യസമൂഹം മാറി. അനേകം ഇടങ്ങളിലേക്ക് മിശിഹായെ പകർന്നു നൽകുവാനായി അവർ പോയി. മനുഷ്യമക്കളെ മാറോടണച്ച, അവരുടെ വ്യാകുലതകളിൽ പങ്കുചേർന്ന ഇടയന്റെ മാതൃക ഓരോ ശ്ലീഹായും തുടരുകയായിരുന്നു. ജീവിതം റൂഹായിലുള്ള നിറവിലും ആനന്ദത്തിലും കടന്നുപോയ ധന്യനിമിഷങ്ങൾ....

ലോകത്തിലെ പല പ്രശ്നങ്ങളുടെയും മുമ്പിൽ മുഖം മങ്ങിയും വിറങ്ങലിച്ചും നിൽക്കുന്നവരാണ് മനുഷ്യർ. സമാധാനപൂർണ്ണമായ ഒരു ജീവിതം പലർക്കും സങ്കല്പിക്കാൻ പോലും പറ്റാത്തതാണ്. ഒരു പ്രശ്നം കഴിഞ്ഞ് മറ്റൊന്നിലേക്കു വീഴാൻ വിധിക്കപ്പെടുന്ന ജീവിതങ്ങൾ.... ശരീരത്തിലും മനസ്സിലും ഭാരം പേറുന്ന ജീവിതനിമിഷങ്ങൾ.... ദൈവസ്നേഹത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചുള്ള അവിടുത്തെ പദ്ധതിയെക്കുറിച്ചും ചിന്തിക്കാൻ പോലും കഴിയാതെ ഭാരപ്പെട്ട ജീവിതങ്ങൾ നയിക്കുന്ന മനുഷ്യർ.... നിസ്സാരവത്ക്കരിക്കപ്പെടുന്ന മനുഷ്യബന്ധങ്ങളും ധാർമ്മികത നഷ്ടപ്പെടുന്ന ചുറ്റുപാടുകളും മനുഷ്യനെ ചുറ്റിക്കുമ്പോൾ, കാർന്നുതിന്നുമ്പോൾ അവനു സാന്ത്വനമായി മാറാൻ സഭ ശ്രമിക്കുകയാണ്. സഭയ്ക്കുള്ളിൽ ജീവിച്ച്, അവൾ വച്ചുനീട്ടുന്ന ജീവന്റെ ഉറവകളിൽ നിന്നു പാനം ചെയ്ത് ശക്തിപ്പെടാനും മിശിഹായെ ജീവിതത്തിൽ സ്വീകരിക്കാനും ശ്ലീഹന്മാരെപ്പോലെ സാക്ഷ്യജീവിതം നയിക്കാനും ശ്ലീഹാക്കാലത്തിൽ ഓരോ വിശ്വാസിക്കും കഴിയണം.

ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും പ്രശ്നപരിഹാരത്തിന്റെ മാർഗ്ഗം തേടേണ്ട നിമിഷങ്ങളും കടന്നുവരാം. എല്ലായിടത്തും എല്ലാറ്റിനും പരിഹാരമാർഗ്ഗമായി ത്രിയേകദൈവം കൂടെയുണ്ട് എന്ന ബോധ്യം ശക്തമായി ഉള്ളിൽ നിലനിർത്താം. ശ്ലീഹാക്കാലത്ത് പരിശുദ്ധാത്മാവിന്റെ നിറവിൽ മുന്നേറാനും ജീവിതം ശാന്തതയുടെയും സമാധാനത്തിന്റെയും ആനന്ദത്തിന്റെയും നിറവാക്കി മാറ്റുവാനും നമുക്കു കഴിയട്ടെ. അപ്രകാരം നാം ജീവിക്കുമ്പോൾ ഓരോ ഭവനവും ഓരോ വ്യക്തിയും അകമഴിഞ്ഞ സന്തോഷജീവിതം നയിക്കുന്നവരാകും.

ഈശോ പറയുന്നു "ഞാൻ പിതാവിനോടപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരുകയും ചെയ്യും" (യോഹ 14,16). സഹായത്തിനാളുണ്ടായിട്ടും അവനെ ക്ഷണിക്കാതിരിക്കുന്നത് ബുദ്ധിമോശമല്ലേ? നാം വിളിച്ചാൽ ഇന്നും ആനന്ദത്തിന്റെ, സമാധാനത്തിന്റെ, ക്ഷമയുടെ അകപ്പൊരുളായി അവൻ നമ്മുടെ കൂടെവരും. അറിവിന്റെ കേദാരമായവനെ വ്യക്തിജീവിതങ്ങളിലേക്കു ക്ഷണിക്കാം. വിവേകത്തിന്റെ, ആലോചനയുടെ കൂട്ടാളിയായി അവനോടു ചേർന്നുനിൽക്കാം, ഭക്തിയിൽ വളരാൻ സഹായം അപേക്ഷിക്കാം. ദൈവഭയത്തോടെ ജീവിക്കാൻ, സ്നേഹത്തിന്റെ അത്യുന്നതിയിൽ വിഹരിക്കാൻ, സമാധാനത്തോടെ എല്ലാ സാഹചര്യങ്ങളെയും നേരിടാൻ, മാത്സര്യബുദ്ധിയുപേക്ഷിച്ച് ക്ഷമയിൽ വ്യാപരിക്കാൻ, നന്മയും കനിവും വിശ്വാസവും ഉള്ളവരായി വളരാൻ സഹായകൻ കൂടെയുണ്ടാവട്ടെ. ഈ ശ്ലീഹാക്കാലത്തിൽ റൂഹായാൽ നിറയപ്പെടാം, റൂഹായാൽ നയിക്കപ്പെടാം, റൂഹായാൽ ഫലം ചൂടുന്നവരാകാം.

നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം:

1700-ാം വാർഷികത്തിൽ ഒരു ധ്യാനാത്മക വായന - 04

# മിശിഹായുടെ പെസഹാരഹസ്യങ്ങൾ വിശ്വാസപ്രമാണത്തിൽ

റവ. ഫാ. ജോസഫ് ഈറ്റോലിൽ
ചങ്ങനാശ്ശേരി അതിരൂപത

**ആമുഖം**

സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിനായി പിതാക്കന്മാർ ക്രിസ്തുവർഷം 325 ൽ നിഖ്യായിൽ സൂനഹദോസ് കൂടിയതിന്റെ വാർഷികം ആചരിക്കുമ്പോൾ നാം കർത്താവിന്റെ പെസഹാരഹസ്യങ്ങളുടെ ഭാഗം ധ്യാനിക്കുകയാണ്. ഈശോയുടെ മനുഷ്യാവതാരമെന്ന സത്യം പ്രഘോഷിച്ചതിനുശേഷം ഏറ്റവും ആദ്യം നാം ഏറ്റുപറയുന്നത് ഈ വാക്കുകളാണ്, "പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും സ്ലീവായിൽ തറക്കപ്പെട്ടു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നപോലെ മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും ചെയ്തു". ഈ വാക്കുകൾ നമ്മുടെ രക്ഷയ്ക്കായി ഈശോ തന്റെ ജീവിതത്തിൽ പൂർത്തിയാക്കിയ മഹനീയ രഹസ്യങ്ങളെ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

**1. ഈശോയുടെ മനുഷ്യത്വം നിഷേധിച്ചവർ**


നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിന്റെ ആദ്യഭാഗത്ത് പുത്രനു പിതാവുമായുള്ള സമത്വവും സത്തയിലെ ഏകത്വവും നാം ധ്യാനിച്ചിരുന്നു. ഈശോയുടെ ദൈവത്വത്തെ എതിർത്ത പാഷണ്ഡതകളുടെ (ആര്യൻ പാഷണ്ഡത) പശ്ചാത്തലത്തിലാണ് പുത്രനു പിതാവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന വാക്കുകൾ ഉൾച്ചേർക്കപ്പെട്ടത്. എന്നാൽ ഈശോയുടെ ദൈവത്വം അസന്ദിഗ്ധമായി സഭ ഉറപ്പിച്ചു പ്രഖ്യാപിച്ചപ്പോൾ വലിയ താമസമില്ലാതെ അടുത്ത പാഷണ്ഡതകൾ സഭയിൽ ഉടലെടുത്തു. അവ ഈശോയുടെ മനുഷ്യത്വത്തെ നിഷേധിക്കുന്നവയായിരുന്നു. ഡോചേറ്റിസം, അപ്പോളിനാരിയനിസം തുടങ്ങിയ പാഷണ്ഡതകൾ ഈ ഗണത്തിൽ പെടുന്നവയാണ്. ഡോചേറ്റിസം എന്ന പാഷണ്ഡത പ്രചരിപ്പിക്കുന്നവരെ സംബന്ധിച്ച് ഈശോയ്ക്ക് വാസ്തവത്തിൽ ഒരു യഥാർത്ഥ മനുഷ്യശരീരം ഉണ്ടായിരുന്നില്ല. നാം അങ്ങനെ കണ്ടു എന്നു മാത്രം. അവന്റെ മനുഷ്യശരീരം ഒരു പ്രതീതി മാത്രമായിരുന്നു. അതിനാൽത്തന്നെ ആ മനുഷ്യശരീരത്തിൽ ഈശോ സഹനങ്ങൾ ഏറ്റെടുത്തിട്ടില്ല. ദൈവത്തിനു സഹിക്കാനും മരിക്കാനും സാധ്യമല്ല. ഈശോ പൂർണദൈവമാണ് എന്ന സത്യം അംഗീകരിക്കുമ്പോൾ, അവന്റെ പൂർണമനുഷ്യത്വത്തെ നിഷേധിച്ചവരാണ് ഈ പാഷണ്ഡത ഏറ്റുപറഞ്ഞവർ.

അപ്പോളിനാരിയനിസം ഇതേപോലെയുള്ള മറ്റൊരു പാഷണ്ഡതയാണ്. ഈ സിദ്ധാന്തമനുസരിച്ച് ഈശോ ഒരു പൂർണമനുഷ്യൻ ആയിരുന്നില്ല. ഈശോയ്ക്ക് ഒരു മനുഷ്യന്റെ

മനസ്സ് ഉണ്ടായിരുന്നില്ല, മറിച്ച് ഒരു ദൈവികമനസ്സ് മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ ഈ ആശയവും സത്യവിശ്വാസത്തിന് എതിരാണ്. ഇത്തരത്തിലുള്ള അബദ്ധപ്രബോധനങ്ങൾക്ക് ഈ വിശ്വാസപ്രമാണം ഉത്തരം നൽകുന്നുണ്ട്.

**2. ചരിത്രപുരുഷനായ ഈശോ**

ഈശോമിശിഹായുടെ ജീവിതം കേവലം ഒരു സങ്കല്പകഥയോ മിത്തോ അല്ല. പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്തു എന്നത് സൂചിപ്പിക്കുന്നത് ഈശോയുടെ ചരിത്രപരതയുടെ സുനിശ്ചിതത്വമാണ്. പന്തിയോസ് പീലാത്തോസ് എന്ന ചരിത്രപുരുഷനോളം സത്യമാണ് ഈശോയെന്ന ചരിത്രപുരുഷനും. അതിനാൽ റോമൻ ഗവർണറെന്ന നിഷേധിക്കാനാവാത്ത ചരിത്രസത്യം, അതോടുചേർത്തു പ്രാർത്ഥിക്കുന്ന സംഭവങ്ങളുടെ ചരിത്രപരതയുടെ സാക്ഷ്യം കൂടിയാണ്. എന്നോ നടന്നു എന്ന അവകാശവാദമല്ല, ശരിയായ സമയവും സ്ഥലവുമെല്ലാം ഈശോയുടെ ജീവിതം സംബന്ധിച്ച് നമുക്ക് ലഭ്യമാണ്. ചരിത്രത്തിൽ ജനിച്ച്, ജീവിച്ച്, മരിച്ച്, മരണത്തെ തോൽപ്പിച്ച് ഉയിർത്ത പൂർണദൈവവും പൂർണമനുഷ്യനുമായവൻ ജീവനോടെയിരിക്കുന്ന നമ്മെപ്പോലെ ചരിത്രപരനായ ഒരു വ്യക്തിയാണ്. ഈശോയുടെ മനുഷ്യത്വം നമുക്ക് നിഷേധിക്കാനാവാത്ത ഒരു സത്യമാണ്. അവൻ സ്വന്തം ശരീരത്തിൽ പീഡകൾ സഹിച്ചു, സ്ലീവായിൽ തറയ്ക്കപ്പെട്ടു, മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്തു എന്നത് യാഥാർത്ഥ്യമാണ്. ഇതുവഴിയായി അവൻ നമ്മുടെ രക്ഷയുടെ രഹസ്യം പൂർത്തീകരിച്ചു. ശ്ലീഹന്മാരുടെ പ്രഘോഷണത്തിന്റെ പ്രധാന ഉള്ളടക്കം ഈ പെസഹാരഹസ്യങ്ങളായിരുന്നു. ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിലെ വിശുദ്ധ പത്രോസ്ശ്ലീഹായുടെയും പൗലോസ് ശ്ലീഹായുടെയും പ്രസംഗങ്ങൾ പരിശോധിച്ചാൽ നമുക്കത് വ്യക്തമാകും.



**3. പ്രവചനങ്ങളുടെ പൂർത്തീകരണം**

തന്റെ പീഡാനുഭവത്തിനും മരണത്തിനും സംസ്കാരത്തിനും ശേഷം എഴുതപ്പെട്ടതുപോലെ അവിടുന്ന് ഉയിർത്തെഴുന്നേറ്റു. ഈശോയുടെ ജീവിതത്തിൽ സംഭവിച്ച എല്ലാ കാര്യങ്ങളുംതന്നെ പ്രവാചകന്മാരാൽ മുൻകൂട്ടി പറയപ്പെട്ടവയായിരുന്നു. ഈശോ ജനിക്കുന്നതിനു നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ

അവന്റെ ജനനം മുതൽ മരണവും പുനരുത്ഥാനവും വരെയുള്ള കാര്യങ്ങൾ ദൈവാത്മാവിനാൽ പ്രേരിതരായി വിശുദ്ധരായ പ്രവാചകർ മുൻകൂട്ടി പറഞ്ഞിരുന്നു. ഈശോയുടെ ജീവിതചരിത്രം ഈശോയുടെ ജനനത്തിനുമുമ്പുതന്നെ മനുഷ്യർക്ക് വെളിവായിത്തുടങ്ങിയിരുന്നുവെന്നു സാരം. പാപത്തെയും മരണത്തെയും വിജയിച്ചുകൊണ്ട് ഈശോ മൂന്നാംദിനം ഉയിർത്തെഴുന്നേറ്റു. യോനാ പ്രവാചകൻ മത്സ്യത്തിന്റെ ഉദരത്തിൽ മൂന്നു ദിനങ്ങൾ ചിലവഴിച്ചതുപോലെ മനുഷ്യപുത്രൻ ഭൂമിയുടെ ഉദരത്തിൽ മൂന്നു ദിനങ്ങൾ ചിലവഴിക്കുകയും പാതാളത്തിലായിരുന്ന ആത്മാക്കളോടുപോലും സുവിശേഷം അറിയിക്കുകയും ചെയ്തു. നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രമാണ് ഈശോയുടെ പുനരുത്ഥാനം. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ദർശനം അവിടുത്തെ പൂർണ ദൈവത്വത്തിന്റെയും പൂർണ മനുഷ്യത്വത്തിന്റെയും ദർശനം കൂടിയാണ്. അടച്ചിട്ട വാതിലിലൂടെ അകത്തുപ്രവേശിക്കുന്ന കർത്താവ് പദാർത്ഥബദ്ധമല്ലാത്ത ഉത്ഥിതശരീരത്തോടെ തന്റെ ദൈവത്വവും, ആ ശരീരത്തിൽ ശിഷ്യർക്ക് വിശിഷ്യാ മാർ തോമായ്ക്കു വെളിപ്പെടുത്തിയ ആണിപ്പഴുതുകളും കുത്തിതുറക്കപ്പെട്ട ഹൃദയവും ഉയിർപ്പിനുശേഷവും അവനിൽ തുടരുന്ന മനുഷ്യത്വവും വെളിപ്പെടുത്തുന്നു. ജ്ഞാനസ്നാനം എന്ന കൂദാശയിൽ നാം ഈ രഹസ്യങ്ങളിലാണ് പങ്കുകാരാകുന്നത്. “ഈശോമിശിഹായോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതു പോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിനു സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരുത്ഥാനത്തിനു സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും” (റോമാ 6,3-5). ഓരോ കൂദാശാർപ്പണ നിമിഷവും ഈശോ തന്റെ ജീവിതത്തിൽ പൂർത്തിയാക്കിയ ഈ രഹസ്യങ്ങളെ ആഴത്തിൽ അനുസ്മരിക്കാനും അനുഭവിക്കാനുമുള്ള അവസരങ്ങളാണ്.

(തുടരും)




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# ദാഹാർത്തരേ വരുവിൻ...

സെലീനാ വെള്ളാത്തടം
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു"*
(സങ്കീ 42,12)

**'നീ**ർച്ചാൽ തേടുന്ന മാൻപേടയെപ്പോൽ എന്റെ ഹൃദയം അങ്ങയെ തേടുന്നു' എന്നു സങ്കീർത്തകൻ പറയുമ്പോൾ എന്തിനുവേണ്ടിയാണീ ദാഹം എന്നതിലേക്കാണ് നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ആദിമാതാപിതാക്കളുടെ പാപം മൂലം മനുഷ്യകുലത്തിന് സ്വർഗ്ഗസൗഭാഗ്യം നഷ്ടമായി. അന്നുമുതൽ അവൻ ദാഹാർത്തനായിത്തീർന്നു. തന്റെ ഉള്ളിലെ ദാഹം ശമിപ്പിക്കാൻ തനിക്ക് എവിടെ നിന്നു ജലം ലഭിക്കും? ദാഹിച്ചുപൊരിഞ്ഞ മാൻപേടയെപ്പോലെ മനുഷ്യൻ കേഴുന്നു. ഈ ദാഹം എന്തിനുവേണ്ടിയുള്ളതാണെന്നും പലപ്പോഴും അവൻ തിരിച്ചറിയുന്നില്ല. അതുകൊണ്ടാണ് സംതൃപ്തിക്കായി ഈലോകനേട്ടങ്ങളുടെ പിന്നാലെ അവൻ പരക്കം പായുന്നതും എന്തു ലഭിച്ചാലും പൂർണമായ സംതൃപ്തി നേടാത്തതും.

ആത്യന്തികമായി മനുഷ്യൻ ദാഹിക്കുന്നത് ദൈവത്തിനുവേണ്ടിയാണ്. യഥാർത്ഥത്തിൽ മനുഷ്യൻ മാത്രമല്ല, ദൈവവും ദാഹാർത്തനാണ്; മനുഷ്യനുവേണ്ടിയുള്ള ദാഹം. ദൈവത്തിന്റെയും മനുഷ്യന്റെയും ഈ ദാഹത്തെ സൂചിപ്പിച്ചുകൊണ്ട് ദൈവവും മനുഷ്യനുമായവന്റെ ആർത്തനാദം കാൽവരിയുടെ നെറുകയിൽ മുഴങ്ങി: "എനിക്കു ദാഹിക്കുന്നു" (യോഹ 19,28).


മനുഷ്യന് ജീവന്റെ ജലം പകർന്നു കൊടുക്കുന്നതിനായി മനുഷ്യാത്മാക്കളെ തേടി നടക്കുന്നവനാണ് നമ്മുടെ ദൈവം. ഈശോ അരുളിച്ചെയ്തു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് വി. ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7,37-38). ദൈവത്തിന്റെയും മനുഷ്യന്റെയും ദാഹം തീർക്കാൻ തക്കവിധം തന്റെ പാർശ്വം പിളർന്ന് ജീവജലമാകുന്ന പരിശുദ്ധാരൂപിയെ മനുഷ്യകുലത്തിനു നൽകിക്കൊണ്ടാണ് ദിവ്യനാഥൻ തന്റെ രക്ഷാകരകർമ്മം പൂർത്തിയാക്കുന്നത്.

ഈ അരൂപിയുടെ നിറവ് അനുഭവിച്ചറിയണമെങ്കിൽ നാം ദാഹിച്ചു പ്രാർത്ഥിക്കണം. ശ്ലീഹന്മാരും ആദിമക്രൈസ്തവരും പ്രാർത്ഥനയിൽ മുഴുകിയിരുന്നപ്പോഴാണ് പരിശുദ്ധാത്മാവ് അവരിലേക്ക് ഇറങ്ങിവന്നത്; ആത്മാവിന്റെ ശക്തി അവർക്ക് അനുഭവപ്പെട്ടത്: "അവർ ഏകമനസ്സോടെ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും, മറ്റു സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (ശ്ലീഹ 1,14). ദാഹിക്കുന്ന ഹൃദയവുമായി ദൈവത്തെ സമീപിക്കുന്നവരിലേക്ക്, സഭയോടു ചേർന്നുനിന്ന് ദൈവവചനത്തിൽ വേരൂന്നി കൗദാശികജീവിതം നയിക്കാൻ ശ്രമിക്കുന്ന വ്യക്തികളിലേക്ക് യാതൊരു വ്യവസ്ഥയുമില്ലാതെ അവിടുന്നു ജീവന്റെ നീർച്ചാലൊഴുക്കുന്നു.

ഓരോ കൂദാശയിലൂടെയും പരിശുദ്ധാരൂപി നമ്മെ ശക്തിപ്പെടുത്തുന്നു. കൂദാശകളുടെ വാതിലായ മാമോദീസായിൽ അരൂപിയിലുള്ള ജീവിതം ആരംഭിക്കുന്നു. തൈലാഭിഷേകം എന്ന കൂദാശ സ്വീകരിക്കുമ്പോൾ അരൂപിയുടെ ദാനങ്ങളും ഫലങ്ങളും ഏറ്റുവാങ്ങി സ്ഥിരതയോടെ ജീവിക്കാൻ കരുത്താർജ്ജിക്കുന്നു. ഓരോ പ്രഭാതത്തിലും പരിശുദ്ധ കുർബാനയിൽ കർത്താവിന്റെ ബലിപീഠത്തോടു ചേർന്നുനിന്ന് അരൂപിയിൽ ജീവിതം നവീകരിച്ച് പുത്തനുണർവും ചൈതന്യവും നേടി ധീരതയോടെ കർത്താവിനു സാക്ഷ്യം നൽകാൻ ശക്തരാകുന്നു. കുമ്പസാരമെന്ന കൂദാശയിലൂടെ പാപത്തിൽനിന്നു മോചനം നേടി പുണ്യംചെയ്തു ജീവിക്കാൻ പരിശുദ്ധാരൂപിയിൽനിന്നും കൃപ നേടിയെടുക്കുന്നു. രോഗീലേപനത്തിൽ പരിശുദ്ധാത്മാവ് കടന്നുവന്ന് രോഗിക്കു സൗഖ്യമേകുന്നു; സമാധാനപൂർണ്ണമായ സ്വർഗ്ഗഭാഗ്യത്തിലേയ്ക്ക് നയിക്കുന്നു. അരൂപിയുടെ നീർച്ചാൽ സഭാമക്കളിലേക്ക് ഒഴുക്കുവാൻ അതിന്റെ വാഹകരും വിതരണക്കാരുമായി തിരുപ്പട്ടം എന്ന കൂദാശയിലൂടെ ദൈവം വൈദികരെ ഉയർത്തുന്നു. ഓരോ ക്രൈസ്തവനും ദൈവിക പുണ്യങ്ങളിൽ വളർന്ന് അരൂപിക്കടുത്ത ജീവിതം നയിച്ച് സ്വർഗ്ഗസൗഭാഗ്യത്തിലെത്തിച്ചേരാൻ തക്കവണ്ണം നല്ല കുടുംബങ്ങളെ വാർത്തെടുക്കാൻ ക്രൈസ്തവ ദമ്പതിമാർക്ക് വിവാഹം എന്ന കൂദാശയിലൂടെ പരിശുദ്ധാരൂപി കൃപ നൽകുന്നു.

ഇങ്ങനെ സഭയോടു ചേർന്നുനിന്ന്, സഭയുടെ പ്രാർത്ഥനകളിൽ പങ്കുചേർന്ന്, കൗദാശിക ജീവിതം നയിക്കുന്നവർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരായി മാറുന്നു. ഇപ്രകാരം അരൂപിയാൽ നയിക്കപ്പെടുന്നവൻ ദൈവസ്നേഹം ഹൃദയത്തിലേറ്റു വാങ്ങുന്നു. അവൻ ദൈവകൽപനകൾ പാലിച്ച്, ദൈവസ്നേഹത്തിലും സാഹോദര്യത്തിലും ജീവിച്ച്, ദൈവത്തിന്റെ വാസസ്ഥലമായി രൂപാന്തരപ്പെടുന്നു. ദൈവസന്നിധിയിൽ ദാഹിച്ചു പ്രാർത്ഥിച്ച് ദൈവത്തോടു ചേർന്നിരിക്കുന്ന മനുഷ്യമക്കളെ തള്ളിക്കളയാൻ നല്ല ദൈവത്തിനാവില്ല. അവർ മുട്ടിയാൽ സ്വർഗ്ഗീയവാതായനങ്ങൾ തുറക്കപ്പെടും; അവർ ചോദിച്ചാൽ ഉദാരമായി പരിശുദ്ധാരൂപി നൽകപ്പെടും: "മക്കൾക്ക് നല്ല ദാനങ്ങൾ നല്കാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല!" (ലൂക്കാ 11,13).

പരിശുദ്ധാരൂപിയിൽ നിരന്തരം വളരാൻ പരിശുദ്ധ ദൈവമാതാവാണ് നമുക്കെന്നും മാതൃകയും ആശ്രയവും. "ദൂതൻ പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്നിലാവസിക്കും" (ലൂക്കാ 1,38). പരിശുദ്ധ അമ്മ ദൈവാത്മാവിനാൽ നയിക്കപ്പെട്ടവളാണ്. അരൂപിയുടെ സാന്നിദ്ധ്യം, കുരിശിൻചുവടുവരെ ഈശോയോടൊത്തു യാത്രചെയ്യാൻ മാതാവിനു ശക്തി പകർന്നു. ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം അവിടുത്തെ അരുമശിഷ്യരോടൊന്നിച്ചു പ്രാർത്ഥിച്ച് ആ സമൂഹത്തിലുണ്ടായിരുന്ന എല്ലാവരിലേക്കും പരിശുദ്ധാത്മാവിറങ്ങുന്നതിനു സാക്ഷിയാകാനും അമ്മയുണ്ടായിരുന്നു. പരിശുദ്ധ അമ്മയുടെ കരം പിടിച്ച് അരൂപിയിൽ നിറഞ്ഞ ജീവിതം നയിക്കാൻ ഈ ശ്ലീഹാക്കാലത്ത് നമുക്കോരോരുത്തർക്കും സാധിക്കട്ടെ.



# തൊട്ടാവാടി

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**അ**ന്ന് ഗുരു പർണ്ണശാലയിലേക്കു ചെന്നത് പൂച്ചട്ടിയിൽ വളർത്തിയ തൊട്ടാവാടി ചെടിയുമായിട്ടാണ്. തൊട്ടാവാടിയെ തൊട്ടുകൊണ്ട് ഗുരു പറഞ്ഞു: “നാമൊക്കെ തൊട്ടാവാടിയെ കണ്ടുപഠിക്കണം”.

ശിഷ്യന്മാർ അന്ധാളിച്ച് പരസ്പരം നോക്കി. തൊട്ടാവടിയെപ്പറ്റി കുഞ്ഞുനാളിൽ കേട്ട കാര്യങ്ങളൊക്കെ ശിഷ്യരുടെ മനസ്സിലേക്ക് ഓടിയെത്തി.... “ഇങ്ങനെ തൊട്ടാവാടി ആയാലോ, കുറച്ചുകൂടി ധൈര്യം വേണ്ടേ...?”

അവരുടെ അന്ത:കരണം മനസ്സിലാക്കി ഗുരു തുടർന്നു: “മക്കളേ, ജീവിതത്തിന്റെ പ്രതിസന്ധികളിൽ തട്ടിത്തകർന്ന്, നഷ്ടധൈര്യരാകുന്നവർക്ക് പ്രതീക്ഷയുടെ പൊൻകിരണങ്ങൾ പകർന്നു നൽകുന്ന പ്രകൃതിപാഠമാണ് തൊട്ടാവാടി നൽകുന്നത്! നോക്ക്, ഞാൻ തൊട്ടപ്പോൾ

വാടിയ തൊട്ടാവാടി ഏതാനും മിനിറ്റുകൾ കഴിഞ്ഞപ്പോൾ പഴയതിനേക്കാൾ കരുത്തോടെ, ഹരിതപ്രഭയോടെ ഇളം റോസ് നിറത്തിലുള്ള പൂക്കളുമായി പുഞ്ചിരി പൊഴിച്ചു കൊണ്ട് പ്രതീക്ഷയുടെ പുതുപാഠങ്ങൾ നൽകി പുത്തൻ ഉണർവോടെ വിടർന്നു പരിലസിക്കുന്നു...!

പ്രതിസന്ധികൾ തൊട്ടാവാടിയെ തൊടുമ്പോൾ, അവൾ വാടി എന്ന് നമുക്ക് തോന്നുമ്പോഴും, ഉണർന്ന് എഴുന്നേൽക്കാനുള്ള തപസ്സിലേക്കാണ് അവൾ വഴുതി വീഴുന്നത്. അവിടെ അവൾ ധ്യാനനിമഗ്നയാകുന്നു".

തളരാനല്ല, തളിർക്കാനുള്ള ധ്യാനം!

കരഞ്ഞിരിക്കാനല്ല, കരുത്താർജിക്കാനുള്ള കാത്തിരിപ്പ്!

വീഴ്ചയിൽ പരിതപിക്കാതെ, വീണിടത്തുനിന്ന് ഉയിർത്തെഴുന്നേല്ക്കാനുള്ള ആത്മധൈര്യത്തിന്റെ ആർജ്ജവം.... ചവിട്ടിക്കടന്നുപോയവരെ നോക്കിയിരിക്കാതെ, പുതുനാമ്പുകൾ വിടർത്തി, പ്രതീക്ഷയുടെ ഹരിതപ്രഭ പ്രസരിപ്പിക്കാനുള്ള പ്രശാന്തത....

നാമൊക്കെ നമ്മുടെ ജീവിത സാഹചര്യങ്ങളിൽ അപ്രതീക്ഷിത പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, വിമർശനങ്ങൾ ഏൽക്കേണ്ടി വരുമ്പോൾ, എങ്ങനെയാവും പ്രതികരിക്കുന്നത്...?

കാലത്തിനു മുമ്പേ ചരിച്ച് കാലം കടന്നു പോയാലും കടന്നുപോകാത്ത സ്നേഹത്തിന്റെ പ്രവാചക ശബ്ദമായ ദൈവദാസൻ വില്യം ജകീന്താ 1967 ൽ എഴുതിയ 'പ്രത്യാശ' എന്ന പുസ്തകത്തിൽ ജീവിതവെല്ലുവിളികളെ നേരിടേണ്ടി വരുമ്പോൾ നമ്മുടെ മനോഭാവം എന്തായിരിക്കണമെന്ന് ഇപ്രകാരം വിവരിക്കുന്നു:

"നാം നമ്മെത്തന്നെ അധൈര്യപ്പെടുത്തുകയും സാധിക്കില്ല എന്നു കരുതി സ്വയം പിന്മാറുകയും ഒരു ചെറിയ പരിശ്രമംപോലും ഇടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, ഈ പ്രയാസങ്ങളും പ്രശ്നങ്ങളും എന്നേക്കാൾ ശക്തിയുള്ളതാണെന്നും ഇത് എനിക്കു പറ്റില്ല എന്നും പറയുകയാണെങ്കിൽ, നമ്മുടെയുള്ളിലെ പ്രത്യാശ കുറയാൻ തുടങ്ങും. അതുകൊണ്ടുതന്നെ പ്രായോഗികമായി നമ്മുടെ പ്രവർത്തനങ്ങൾ നിലയ്ക്കും. എന്നാൽ അതിനുപകരം നമ്മുടെ പ്രത്യാശയെ ഊതിക്കത്തിക്കുവാൻ നമുക്ക് സാധിക്കണം".

പ്രിയ ചങ്ങാതീ, പ്രത്യാശയുടെ ഈ ജൂബിലി വർഷത്തിൽ എന്റെയും നിന്റെയും ജീവിതത്തിലെ പ്രതിസന്ധികളിൽ തളർന്നു പോയാലും തൊട്ടാവാടിയുടെ താപസികത സ്വന്തമാക്കി അടുത്ത നിമിഷം കൂടുതൽ കരുത്തോടെ പ്രതീക്ഷയുടെ വിതക്കാരായിത്തീരുവാൻ നമുക്ക് പരിശ്രമിക്കാം. ഈശോയെ പ്രഘോഷിക്കാനായി ജീവിതത്തിൽ ഒരുപാടു പ്രതിസന്ധികൾ നേരിട്ടവരാണ് ശ്ലീഹന്മാർ. എല്ലാറ്റിനെയും ആത്മാവിന്റെ ശക്തിയാൽ അതിജീവിച്ച് ഉത്ഥിതനെ പ്രഘോഷിച്ച് അവർ കൂടുതൽ ഫലം പുറപ്പെടുവിച്ചു. അവരെ നമുക്കു മാതൃകയാക്കാം. പൗലോസ്ശ്ലീഹായോടു ചേർന്ന് നമുക്കും പറയാം, 'എന്നെ ശക്തിപ്പെടുത്തുന്ന ഈശോയിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും' (ഫിലി 4,13).

**"ആരു വീഴുന്നുവോ അവൻ വീണ്ടും എഴുന്നേൽക്കുന്നില്ലെങ്കിൽ അവിടെ പ്രതീക്ഷയില്ല; പ്രതീക്ഷ മരിച്ചു എന്നു പറയാം. എന്നാൽ വീണിട്ടും വീണ്ടും എഴുന്നേൽക്കുന്നവനു പ്രതീക്ഷയുണ്ട്"**

**(ദൈവദാസൻ വില്യം ജകീന്താ).**



# പന്തക്കുസ്താ: വാക്കുപാലിക്കലിന്റെ ഓർമ്മത്തിരുനാൾ

**ഡോളി കണ്ടച്ചാലിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വ**യോധികനായ ആ മനുഷ്യൻ രാവിലെ ആശുപത്രിയിലെത്തി. തിരക്കിട്ടാണ് ടോക്കൺ എടുക്കുന്നതും മറ്റും.... ഡോക്ടറിന്റെ ക്യാബിനു മുമ്പിലെത്തിയപ്പോൾത്തന്നെ ഡോക്ടർ എപ്പോഴാണ് വരുന്നതെന്ന് വാതിൽക്കൽ നിന്നിരുന്ന പെൺകുട്ടിയോട് അന്വേഷിച്ചു. “ഡോക്ടർ വരുമ്പോൾ ആദ്യമേതന്നെ എന്നെ ഒന്നു വിളക്കണേ”, ആ അപ്പച്ചൻ ഓർമ്മിപ്പിക്കാൻ മറന്നില്ല. അകലെനിന്ന് ഡോക്ടർ വരുന്നതുകണ്ടപ്പോൾ ഇരുന്നിടത്തുനിന്നും എഴുന്നേറ്റ് അപ്പച്ചൻ ഡോക്ടറുടെ അടുത്തേക്കു ചെന്നിട്ടു പറഞ്ഞു, “ഡോക്ടറേ, എന്നെ ഒന്ന് പെട്ടെന്നു വിളി ക്കണേ”. “അപ്പച്ചൻ ആദ്യം വന്നോളു” എന്നു പറഞ്ഞ് ഡോക്ടർ അകത്തേക്കു പ്രവേശിച്ചു. അപ്പച്ചനെ പരിശോധിക്കുന്നതിനിടയിൽ ഡോക്ടർ ചോദിച്ചു: “എന്താ അപ്പച്ചാ ഇത്ര തിടുക്കം?” മറുപടി ഒട്ടും താമസിച്ചില്ല... “ഡോക്ടറേ, പ്രഭാതഭക്ഷണം ഒന്നിച്ചു കഴിക്കാമെന്ന് എന്റെ ഭാര്യയ്ക്ക് വാക്കുകൊടുത്തിട്ടാണു ഞാൻ പോന്നത്”. “ഒന്നിച്ചിരുന്നു കഴിക്കണമെന്ന് ഭാര്യക്ക് അത്ര നിർബ ന്ധമാണോ?” “സാറേ, അവൾ ഒരു രോഗിയാണ്. അവൾക്ക് മറവിരോഗമാണ്”. ഡോക്ടർ ഒന്നു

ചിരിച്ചിട്ടു പറഞ്ഞു: "മറവിരോഗമാണെങ്കിൽ അപ്പച്ചൻ പറഞ്ഞത് ഭാര്യ എപ്പോഴേ മറന്നുപോയി കാണും". പെട്ടെന്നുതന്നെ അപ്പച്ചൻ പറഞ്ഞു: "മോനേ, അൾഷിമേഴ്സുള്ള അവളല്ല, ഓർമ്മ ക്കുറവില്ലാത്ത ഞാനാണ് വാക്കുകൊടുക്കത്. അവളോടു പറഞ്ഞ വാക്ക് എന്നും പാലിക്കാൻ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഇനിയും ശ്രദ്ധിക്കും".

ഈശോയുടെ ജനനംതന്നെ പിതാവായ ദൈവത്തിന്റെ വാക്കുപാലിക്കലാണ്. യുഗങ്ങൾക്കു മുമ്പേ ഏശയ്യാ പ്രവാചകനിലൂടെ അവിടുന്നു പറഞ്ഞു വച്ചു: "യുവതി ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും" (ഏശ 7,14). "നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും; വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്ക പ്പെടും" (ഏശ 9,6).

ഈ ലോകം വിട്ടു സ്വർഗ്ഗത്തിലേക്കു പോയ ഈശോമിശിഹായുടെ വാക്കുപാലിക്കലിന്റെ ഓർമ്മത്തിരുനാളാണ് പന്തക്കുസ്താ: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും" (യോഹ 14,18). ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. എന്നാൽ നമ്മൾ പലപ്പോഴും വാഗ്ദാനങ്ങൾ ലംഘിക്കാൻ വിദഗ്ധരുമാണ്. "നാം അവിശ്വസ്ത രായിരുന്നാലും അവൻ വിശ്വസ്തനായിരിക്കും. എന്തെന്നാൽ തന്നെത്തന്നെ നിഷേധിക്കുക അവനു സാധ്യമല്ല" (2 തിമോ 2,13).

വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിന്റെ മുമ്പിൽ എടുക്കുന്ന വാഗ്ദാനങ്ങൾ പല പ്പോഴും നാം മറന്നു പോകുന്നു. 'ചത്തു പിരിഞ്ഞാലും ഒത്തു പിരിയരുത്' എന്ന് പഴമക്കാർ പറയും. എന്നാൽ ഇന്ന് വിവാഹനിശ്ചയവും കഴിഞ്ഞ് വിവാഹശേഷവും ഉടമ്പടികൾ ലംഘി ക്കപ്പെടുന്നു.

വളരെ വിശുദ്ധമായി കണ്ടിരുന്ന വിവാഹത്തെ പല വിധത്തിൽ സെലിബ്രേറ്റ് ചെയ്യുന്ന ബിസിനസ് ലോകത്താണ് നാമിന്നു ജീവിക്കുന്നത്. ജീവിതത്തിൽ ഒന്നല്ലേ ഉള്ളൂ. വിവാഹ മൊക്കെ ആർഭാടമാക്കണം, ആഡംബരമാക്കണം, കമനീയമാക്കണം. ഇതൊക്കെ യുവത്വത്തിന്റെ സ്വപ്നങ്ങളാണ്. ഇനി ഇങ്ങനെയൊന്നും ആഗ്രഹിക്കുകയോ സ്വപ്നം കാണുകയോ ചെയ്തി ല്ലെങ്കിൽത്തന്നെ കുടുംബക്കാരും സുഹൃത്തുക്കളും അതിനായി നിർബന്ധിക്കും. പഴയ കാരണ വന്മാർ പറയുന്നതുപോലെ 'സേവ് ദ ഡേറ്റ്' ന് കയറൂരി വിട്ടിരിക്കുകയാണ്. ചില 'സേവ് ദ ഡേറ്റു'കൾ കണ്ടാൽ അറിയാതെതന്നെ 'എന്റെ ദൈവമേ എന്തു കഷ്ടം' എന്നു പറഞ്ഞുപോകും. ഒരിക്കൽ യുവജനങ്ങളോടു സംസാരിച്ച അവസരത്തിൽ, നിങ്ങൾക്ക് ഇതൊക്കെ ഇഷ്ടമാണോ, താൽപര്യമാണോ എന്നു ചോദിച്ചപ്പോൾ അവരിൽ ബഹുഭൂരിപക്ഷവും പറഞ്ഞത് 'എല്ലാവരും ഇങ്ങനെ ചെയ്യുന്നു അതിനാൽ ഞങ്ങളും' എന്നാണ്. പാവപ്പെട്ട മാതാപിതാക്കൾ ആവശ്യ ത്തിന് ഭക്ഷണം കഴിക്കാതെയും ആഗ്രഹമുണ്ടെങ്കിലും ഒരു നല്ല ഡ്രസ്സ് ധരിക്കാതെയും കരുതി വച്ച പണം 'സേവ് ദ ഡേറ്റി'നു വേണ്ടി കടലിൽ കുളിച്ചും കായലിൽ കിടന്നും നദിയിൽ ഒഴുകി നടന്നും ജീവിതത്തിൽ ഇന്നോളം ആരും കയറിപറ്റാത്ത വലിയ പാറമേൽ കയറി ഷോ കാ ണിച്ചും തീർക്കുന്നു.... വെറുതെ അലങ്കാര വസ്തുക്കളായി നിന്നുകൊടുക്കുന്ന അവസ്ഥ! വിവാ ഹത്തിനുള്ള വസ്ത്രങ്ങളെടുക്കുമ്പോൾ പുതിയ പുതിയ മോഡലുകൾ അന്വേഷിച്ച് ഈ സംസ്ഥാ നവും കടന്നുപോകുകയാണ്. ആഡംബരവിവാഹത്തിന്റെ ബാക്കിപത്രമായി, പരസ്യത്തിലേതു പോലെ 'എന്റെ വീട് ബാങ്കിന്റേതുകൂടിയാണ്' എന്നു പറയേണ്ടി വരുന്ന കടക്കെണിയിലായ കുടുംബങ്ങൾ!!!

ഒരു കൗദാശിക വിവാഹത്തിന് അത്യാവശ്യമായ മൂന്നു ഘടകങ്ങളെപ്പറ്റി കത്തോലിക്കാ സഭയുടെ യുവജന മതബോധനഗ്രന്ഥത്തിൽ പറയുന്നുണ്ട് (നമ്പർ 262).

1. സ്വതന്ത്രമായ സമ്മതം

2. ജീവിതകാലം മുഴുവൻ നിലനില്ക്കുന്ന ദാമ്പത്യബന്ധത്തിലേക്ക് അന്യരെ ഒഴിവാക്കുന്ന ഐക്യത്തിന്റെ സ്ഥിരീകരണം.

3. കുട്ടികളെ ജനിപ്പിക്കാനുള്ള സന്നദ്ധത.

ക്രൈസ്തവ വിവാഹത്തെക്കുറിച്ചുള്ള ഏറ്റവും അടിസ്ഥാനപരമായ കാര്യം "മിശിഹായും സഭയും തമ്മിലുള്ള സ്നേഹത്തിന്റെ സജീവ പ്രതിബിംബങ്ങളാണ് തങ്ങൾ" എന്ന് ദമ്പതികൾക്കുള്ള അറിവാണ്.

എന്താണ് വിവാഹങ്ങൾക്കു ഭീഷണിയാകുന്നത്? വിവാഹങ്ങളെ യഥാർത്ഥത്തിൽ പാപമാണ് ഭീഷണിപ്പെടുത്തുന്നത്. അവയെ നവീകരിക്കുന്നത് ക്ഷമിക്കലാണ്. അവയെ ശക്തിപ്പെടുത്തുന്നത് പ്രാർത്ഥനയും ദൈവസാന്നിധ്യത്തിലുള്ള വിശ്വാസവുമാണ്.

അനേകം വിവാഹങ്ങൾ ആശയവിനിമയത്തിന്റെയും പരിഗണനയുടെയും അഭാവംമൂലം അപകടത്തിലാകുന്നു. കൂടാതെ സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങളുണ്ട്. നിർണ്ണായകമായ പങ്കുവഹിക്കുന്നത് പാപമെന്ന യാഥാർത്ഥ്യമാണ്; അസൂയ, അധികാരക്കൊതി, വഴക്കടിക്കാനുള്ള പ്രവണത, അമിതാസക്തി, അവിശ്വസ്തത മുതലായ നാശകരങ്ങളായ ശക്തികളാണ് (YOU CAT 262, 64).

ലോകത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് നാം ഇന്ന് ഓടിക്കൊണ്ടിരിക്കുകയാണ്. ആഡംബരജീവിതശൈലികൾ ഒഴിവാക്കി സാധാരണക്കാരെപ്പോലെ ജീവിക്കുന്നതിൽ യശ്ശഃശരീരനായ ഫ്രാൻസിസ് പാപ്പാ കാണിച്ചുതന്ന മാതൃക വളരെ വലുതാണ്. വി. ഫ്രാൻസിസ് അസീസിയുടെ ആത്മീയതയുടെ അടിസ്ഥാനമായിരുന്ന ദാരിദ്ര്യചൈതന്യവും ജീവിതലാളിത്യവും വിനയവും തന്റെ ആത്മീയതയുടെ അടിസ്ഥാനമായി സ്വീകരിച്ച ഫ്രാൻസിസ് പാപ്പായുടെ 'അവിടുന്നു നമ്മെ സ്നേഹിച്ചു' എന്ന ഏറ്റവും അവസാനത്തെ ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ക്രിസ്ത്യാനികളുടെ സാക്ഷ്യത്തിലൂടെ, സഭയായ മിശിഹായുടെ ശരീരം പണിയുന്നതിനും നീതിയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ഒരു സമൂഹം പടുത്തുയർത്തുന്നതിനുമായി മനുഷ്യഹൃദയങ്ങളിലേക്ക് സ്നേഹം ഒഴുക്കപ്പെടും" (No 206). വിശ്വാസത്തോടും വിശ്വസ്തതയോടുംകൂടിയ ഒരുവന്റെ കർമ്മംകൂടി ചേർത്തുവയ്ക്കുമ്പോഴാണ് വിശുദ്ധി ജനിക്കുന്നത്. എങ്ങനെ ഈ വിശുദ്ധി കുടുംബത്തിൽ ജീവിക്കാമെന്ന് പൗലോസ് ശ്ലീഹാ തിമോത്തേയോസിനെഴുതിയ ഒന്നാം ലേഖനത്തിൽ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. "കോപമോ കലഹമോ കൂടാതെ പുരുഷന്മാർ എല്ലായിടത്തും തങ്ങളുടെ പവിത്രമായ കരങ്ങൾ ഉയർത്തിക്കൊണ്ടു പ്രാർത്ഥിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ, സ്ത്രീകൾ വിനയത്തോടും വിവേകത്തോടും കൂടെ ഉചിതമായവിധം വസ്ത്രധാരണം ചെയ്തു നടക്കണമെന്നു ഞാൻ ഉപദേശിക്കുന്നു. പിന്നിയ മുടിയോ സ്വർണ്ണമോ രത്നങ്ങളോ വിലയേറിയ ഉടയാടകളോ അണിഞ്ഞ് തങ്ങളെത്തന്നെ അലങ്കരിക്കരുത്. ദൈവഭയമുള്ള സ്ത്രീകൾക്കു യോജിച്ച വിധം സത്പ്രവർത്തികൾക്കൊണ്ട് അവർ സമലംകൃതരായിരിക്കട്ടെ" (1 തിമോ 2,8–10). വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം നല്കിയ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിശ്വസ്തമായ കുടുംബജീവിതം നയിച്ച് വിശുദ്ധി പ്രാപിക്കാൻ എല്ലാ ദമ്പതിമാർക്കു വേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.

# സെനക്കിൾ തരംഗം

**സന്ദേശം**

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ശ്ലീഹാക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെ സുവിശേഷപ്രഘോഷകരായ ശ്ലീഹന്മാരുടെ തലവനായ പത്രോസിന്റെ പന്തക്കുസ്താ ദിവസത്തിലെ സുവിശേഷപ്രഘോഷണമാണ് ആദിമസഭയ്ക്ക് രൂപം നൽകിയത്. ആദിമസഭാംഗങ്ങൾ സുവിശേഷവചനം സ്വീകരിച്ചവരും സുവിശേഷകൂട്ടായ്മയിൽ ജീവിച്ചവരും സുവിശേഷാഘോഷത്തിലും സുവിശേഷാത്മക പ്രാർത്ഥനയിലും പങ്കുചേർന്നവരുമായിരുന്നു. അതുകൊണ്ട് സുവിശേഷപ്രഘോഷണശേഷിയുള്ള ഒരു സമൂഹമായിരുന്നു ആദിമക്രൈസ്തവസമൂഹം. ഇന്നും ഇതുപോലെയുള്ള ഒരു സഭാജീവിതം നയിക്കുവാൻ സഭാംഗങ്ങൾക്ക് സാധ്യമാകുന്നവിധം അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്കു ശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

**സെനക്കിൾ വാർത്തകൾ**

2025 മെയ് മാസം 13,14 തീയതികളിൽ അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ സമ്മേളനം സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് നടക്കുകയുണ്ടായി. 2025 മെയ് മാസം 24-ാം തീയതി അപ്പസ്തോലിക് ഒബ്ലേറ്റ്സ് സമൂഹം ഇന്ത്യയിൽ വന്നതിന്റെ സുവർണജൂബിലി സമുചിതമായി ആഘോഷിച്ചു. ജൂബിലിയോടനുബന്ധിച്ചുള്ള പരിശുദ്ധകുർബ്ബാനയിലും അതേത്തുടർന്നുള്ള പൊതുസമ്മേളനത്തിലും സൊദാലെസ് വൈദികരും പങ്കുചേർന്നു. സ്പിരിച്ച്വാലിറ്റി സെന്റർ കേന്ദ്രീകരിച്ച് സെനക്കിൾ വൈദികരുടെ കൂട്ടായ്മ രൂപം കൊള്ളുവാൻ സഹായിച്ചത് അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ ഇന്ത്യയിലെ സാന്നിദ്ധ്യമാണെന്ന വസ്തുത അനുസ്മരിക്കുകയും അതിന് ദൈവത്തിനു നന്ദിപറയുകയും ചെയ്യാം.



# ഉസിയാ

ഷിജി പറപ്പള്ളിയാത്ത്

യൂദാരാജാവായ അമസിയായുടെ കാലശേഷം മകൻ ഉസിയാ (അസറിയാ) ഭരണമേറ്റു. ഭരണമേൽക്കുമ്പോൾ ഉസിയായ്ക്ക് പതിനാറു വയസ്സുണ്ടായിരുന്നു. അൻപത്തിരണ്ടുവർഷം അവൻ യൂദായിൽ ഭരണം നടത്തി. ഉസിയാ എന്ന വാക്കിന് 'യഹോവ സഹായകൻ' എന്നാണർത്ഥം. ജറുസലേമിലെ യക്കോലിയാ ആയിരുന്നു അവന്റെ അമ്മ. പിതാവായ അമസിയായെപ്പോലെ കർത്താവിന്റെ മുമ്പിൽ ഉസിയാ നീതിപൂർവ്വം പ്രവർത്തിച്ചു. എങ്കിലും പൂജാഗിരികൾ തകർത്തില്ല; അതിനാൽത്തന്നെ ജനം അതിൽ ബലികളും ധൂപവും അർപ്പിച്ചുപോന്നിരുന്നു.

പിതാവിന്റെ മരണശേഷം ഏലോത്ത് വീണ്ടെടുത്ത് ഉസിയാ അതു പുതുക്കിപ്പണിതു. ദൈവഭക്തി അഭ്യസിപ്പിച്ച സഖറിയാ ജീവിച്ചിരുന്ന കാലംവരെയും അവൻ ദൈവത്തെ അന്വേഷിക്കുന്നതിൽ ശ്രദ്ധാലുവുമായിരുന്നു. അക്കാലമത്രയും ദൈവം അവന് ഐശ്വര്യം നൽകി. അതിശയകരമായ സഹായം ദൈവത്തിൽനിന്നു ലഭിച്ചതിനാൽ അവൻ പ്രസിദ്ധനായിത്തീർന്നു. അവന്റെ കീർത്തി രാജ്യത്തിന്റെ അതിർത്തികൾ കടന്നു. ഫിലിസ്ത്യർക്കെതിരെ യുദ്ധം ചെയ്ത് ഗത്ത്, യാബ്നെ, അഷ്ദോദ് എന്നീ പട്ടണങ്ങളുടെ മതിലുകൾ അവൻ തകർത്തു. ഫിലിസ്ത്യ

രെയും അറബികളെയും മെയൂന്യരെയും നേരിടാൻ ദൈവം ഉസിയാരാജാവിനെ തുണച്ചു. അമ്മോന്യർ അവന് കപ്പം കൊടുത്തിരുന്നു. അങ്ങനെ അവൻ പ്രബലനായി. ജറുസലേമിനെ സുരക്ഷിതമാക്കാൻ കോൺകവാടം, താഴ്‌വരകവാടം, മതിൽത്തിരിവ് എന്നിവയ്ക്കു സമീപം ഗോപുരങ്ങൾ അവൻ പണിതുയർത്തി. മരുഭൂമിയിൽ കിണറുകൾ കുഴിച്ചു. ധാരാളം മുന്തിരി ത്തോട്ടങ്ങൾ ഒരുക്കി. കൂടാതെ അനേകം കാലിക്കൂട്ടങ്ങളും കൃഷിയിടങ്ങളും അവനുണ്ടായി രുന്നു. യുദ്ധസന്നാഹത്തിലും അവൻ തന്റെ പ്രാബല്യം കാണിച്ചിരുന്നു. യുദ്ധശേഷിയുള്ള അനേക ഗണങ്ങളടങ്ങിയ സൈന്യമുണ്ടായിരുന്നു. യുദ്ധവീരന്മാരായിരുന്ന രണ്ടായിരത്തിയറു ന്നൂറ് കുടുംബത്തലവന്മാർ അവനുണ്ടായിരുന്നു. അവരുടെ കീഴിൽ പൊരുതുവാൻ ശേഷിയുള്ള മൂന്നുലക്ഷത്തിയേഴായിരത്തിയഞ്ഞൂറു പടയാളികളും. തന്റെ ഭടന്മാർക്കുവേണ്ടി പരിച, കുന്തം, പടത്തൊപ്പി, പടച്ചട്ട, വില്ല്, കവിണക്കല്ല് എന്നിവയും അവൻ സജ്ജമാക്കി. അതോടൊപ്പം അമ്പും വില്ലും കല്ലുകളും പ്രയോഗിക്കുന്നതിനുള്ള യന്ത്രങ്ങളും അവൻ അവർക്കു നിർമ്മിച്ചു നൽകി.

ഒരു നല്ല ഭരണമായിരുന്നു ഉസിയാരാജാവിന്റേത് എന്നു വിലയിരുത്താവുന്നതാണ്. രാജ്യ വ്യാപകമായ വികസനങ്ങൾ, സംരക്ഷണമാർഗ്ഗങ്ങൾ, കൃഷിസംബന്ധമായ മുന്നേറ്റം, മുന്തിരി ത്തോട്ടത്തിന്റെയും കാലിവളർത്തലിന്റെയും പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും അവന്റെ പ്രൗഢിയെ എടുത്തുകാണിക്കുന്നതാണ്. ദൈവത്തോടും ജനത്തോടും വിശ്വസ്തത പുലർത്തിയ രാജാവായിരുന്നു ഉസിയാ. അവൻ ബുദ്ധിമാനും വിവേകിയും പ്രവർത്തനനിരതനുമായിരുന്നു. മാത്രമല്ല, രാജാക്കന്മാർക്കുവേണ്ട ഏറ്റവും വലിയ ഗുണമായ ദൈവാശ്രയത്വവും അവനുണ്ടാ യിരുന്നു.

എന്നാൽ നാനാവിധത്തിൽ നടത്തിയ പരിഷ്കാരങ്ങളും ലഭിച്ച ഉയർച്ചയും പിന്നീട് അവനെ അഹങ്കാരിയാക്കി മാറ്റി. പതിയെ അത് അവനെ നാശത്തിലേക്കെത്തിച്ചു. തിരുവചനം പറ യുന്നു: "അഹങ്കാരം നാശത്തിന്റെ മുന്നോടിയാണ്; അഹന്ത അധഃപതനത്തിന്റെയും" (സുഭാ 16,18); "ഗർവ്വം നാശത്തിന്റെ മുന്നോടിയാണ്; വിനയം ബഹുമതിയുടെയും" (സുഭാ 18,12).

തനിക്കു ചെയ്യാൻ അർഹതയില്ലാത്തവ ചെയ്യുവാൻ അഹങ്കാരം നിറഞ്ഞ ഹൃദയം അവനെ പ്രേരിപ്പിച്ചു. കർത്താവിന്റെ ആലയത്തിൽ ധൂപപീഠത്തിന്മേൽ ധൂപമർപ്പിക്കാൻ യോഗ്യനല്ലെ ങ്കിലും അവൻ അതു ചെയ്തു. മനുഷ്യൻ ദൈവകോപം വിളിച്ചുവരുത്തുന്നത് അവന്റെ അഹന്ത യിലൂടെയാണ്. ഉസിയാ കർത്താവിന്റെ ആലയത്തിൽ ധൂപാർപ്പണം നടത്തിയതറിഞ്ഞ് അസ റിയാ പുരോഹിതൻ കരുത്തരായ എൺപതു പുരോഹിതരോടുകൂടി അവന്റെ പിന്നാലെ ചെന്നു ശാസിച്ചു: "ഉസിയാ നീയല്ല ധൂപമർപ്പിക്കേണ്ടത്. അഹറോന്റെ പുത്രന്മാരും ധൂപാർപ്പണത്തിനു പ്രത്യേകം നിയോഗിക്കപ്പെട്ടവരുമാണ്. വിശുദ്ധ സ്ഥലത്തുനിന്ന് പുറത്തുകടക്കൂ, നീ ചെയ്തതു തെറ്റാണ്. ഇത് ദൈവമായ കർത്താവിന്റെ മുമ്പാകെ നിനക്കു മഹത്ത്വം നൽകുകയില്ല" (2 ദിന 26,18).

ദൈവാനുഗ്രഹങ്ങൾ ഉസിയായ്ക്ക് എത്രത്തോളം ലഭിച്ചുവോ അത്രത്തോളം അവന്റെ മാനു ഷികതയും വളർന്നു പന്തലിച്ചു. ദൈവത്തെ ചോദ്യം ചെയ്യുംവിധം അവിടുത്തേക്കിഷ്ടമില്ലാ ത്തത് അവൻ പ്രവർത്തിക്കുന്നു. ദൈവം തിരഞ്ഞെടുത്ത്, ചോദിക്കാത്ത നന്മകൾകൂടി നല്കി സമ്പന്നനാക്കിയ ഉസിയാ തന്റെതന്നെ പ്രതിഷ്ഠയുടെ അവതാരമായി മാറുന്നു. കർത്താവിന്റെ ആലയത്തിൽ ധൂപകലശവുമായി നിന്ന ഉസിയാ പുരോഹിതരോടു കോപിച്ചു. അപ്പോൾത്തന്നെ അവരുടെ മുമ്പിൽവച്ച് ഉസിയാരാജാവിന്റെ നെറ്റിയിൽ കുഷ്ഠം ബാധിച്ചു. അവർ അവനെ ഉട

നെതന്നെ അവിടെനിന്നു പുറത്താക്കി. കർത്താവു ശിക്ഷിച്ചതിനാൽ പുറത്തുപോകാൻ അവൻ തിടുക്കം കൂട്ടി. മരണം വരെ ഉസിയാ കുഷ്ഠരോഗിയായി കഴിഞ്ഞു. കുഷ്ഠരോഗി എന്ന നില യിൽ കൊട്ടാരത്തിലും ദേവാലയത്തിലും അവനു പ്രവേശനം നിഷേധിക്കപ്പെട്ടു. അങ്ങനെ ദൈവസന്നിധിയിൽനിന്നും ജനമധ്യത്തിൽനിന്നും അവൻ പുറത്താക്കപ്പെട്ടു. ശേഷിച്ച കാല മത്രയും പ്രത്യേക വസതിയിൽ ഏകനായി അവനു കഴിയേണ്ടിവന്നു. തുടർന്നും ഉസിയാ രാജാവായിരുന്നെങ്കിലും മകൻ യോഥാമാണ് കൊട്ടാരത്തിന്റെ ചുമതല ഏറ്റെടുത്ത് രാജ്യം ഭരി ച്ചത്. ഐശ്വര്യപൂർണമായി കഴിയേണ്ടിയിരുന്ന അവൻ ഒറ്റപ്പെടലിന്റെ തീരത്തേക്ക് മാറ്റിവയ്ക്ക പ്പെട്ടു. ശിക്ഷ ഇരന്നുവാങ്ങിയ ഉസിയ എന്ന അഹങ്കാരിയായ രാജാവ് മരണമടഞ്ഞപ്പോൾ പിതാക്കന്മാരുടെ കല്ലറ അവനു നിഷേധിക്കപ്പെട്ടു. പകരം രാജാക്കന്മാരുടെ ശ്മശാനഭൂമിയിൽ അവനെ മറവുചെയ്തു. അഹങ്കാരത്തിന്റെ ചുവടുവച്ചവൻ അധഃപതനത്തിന്റെ വസതിയാണ് സ്വന്തമാക്കിയത്.

**ഉസിയാ നൽകുന്ന പാഠങ്ങൾ:**

*-ദൈവത്തെ അന്വേഷിക്കുന്നവരായാൽ ഐശ്വര്യം പ്രാപിക്കും.*
*-പ്രശസ്തിയിലും എളിമ കൈവെടിയരുത്.*
*-നല്ലവർക്ക് ദൈവം എന്നും നല്ലവനാണ്.*
*-അർഹിക്കാത്തതു ചെയ്താൽ ആപത്തിനു കാരണമാകും.*
*-അഹന്തയും കോപവും ശിക്ഷ ക്ഷണിച്ചുവരുത്തും.*

## ദൈവദാസൻ വില്യം ജകീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷ കനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹ ത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണ മെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



സെലിൻ പൗവത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞു ശക്തിപ്രാപിച്ച് ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ചതു പോലെ പരിശുദ്ധാത്മ ചൈതന്യത്തിൽ ജീവിച്ചുകൊണ്ട് സുവിശേഷപ്രഘോഷണം നടത്തുന്നതിനുള്ള കൃപ ലഭിക്കുന്നതിനായി അമ്മ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, ഐക്യത്തിന്റെ അടിത്തറയായ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഞങ്ങളുടെ കുടുംബങ്ങളും സമൂഹവും നിറയുവാനും സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാനുമുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**


പരിശുദ്ധ അമ്മേ, പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശ്ലീഹന്മാർ ആശ്വാസവും സമാധാനവും പ്രാപിച്ചതുപോലെ ഞങ്ങളുടെ മനസ്സുകളും ജീവിതങ്ങളും ദൈവപുത്രന്റെ സമാധാനംകൊണ്ടു നിറയുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, ഞങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളും വേദനകളും ദൈവഹിതമായി കാണുവാനും സ്വീകരിക്കുവാനുമുള്ള പരിശുദ്ധാത്മകൃപ ലഭിക്കുന്നതിനായി അമ്മ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, അരൂപിയാൽ നിറഞ്ഞ്, വിശ്വാസത്തിൽ വേരൂന്നിയ ജീവിതത്തിലൂടെ ലോകത്തിനു വിശുദ്ധിയുടെ സന്ദേശം പകർന്നു കൊടുക്കുവാനുള്ള കൃപ ലഭിക്കുന്നതിനായി അമ്മ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



“ആകാശത്തിലെ പക്ഷികളെ നോക്കുവിൻ:
അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല,
കളപ്പുരയിൽ ശേഖരിക്കുന്നുമില്ല.
എങ്കിലും നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ്
അവയെ തീറ്റിപ്പോറ്റുന്നു.
അവയെക്കാൾ എത്രയോ
വിലപ്പെട്ടവരാണു നിങ്ങൾ!”
(മത്താ 6,26).

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th June 2025

“ആശ്വാസപ്രദനാം
റൂഹാ ലോകത്തിൽ
ഉദയം ചെയ്തല്ലോ
ദിവ്യപ്രഭയിൽ ധരയഖിലം
കൃപയാൽ പൂരിതമാകുന്നു;
മാമോദീസാവഴി മർത്യർ
പാപവിമോചിതരാകുന്നു;
റൂഹായാം ദാനം മഹനീയം”
(പന്തക്കുസ്താ ഞായർ - റംശാ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal